2023 SEPTEMBER
26
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഊരാളുങ്കലിന്റെ 82% ഓഹരിയും സർക്കാരിന്റേത്

**ന്യൂഡൽഹി:** ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ 82 ശതമാനം ഓഹരികളും സംസ്ഥാന സർക്കാരിന്റേതാണെന്ന് കേരളം. സുപ്രീം കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിലാണ് സംസ്ഥാന സർക്കാർ ഇക്കാര്യം വ്യക്തമാക്കിയത്. സാമ്പത്തിക പരിധിയില്ലാതെ ഏതു പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ ഊരാളുങ്കൽ സൊസൈറ്റിക്ക് അനുമതി നൽകുന്ന ഉത്തരവ് ഇറക്കിയിട്ടുണ്ടെന്നും സത്യവാങ്മൂലത്തിൽ പറയുന്നു.




കണ്ണൂരിലെ ഏഴുനില കോടതി സമുച്ചയത്തിന്റെ നിർമാണം ഊരാളുങ്കലിന് നൽകിയതിനെതിരെ എം.എ.മുഹമ്മദ് അലി എന്നയാൾ നൽകിയ ഹർജിയിലാണ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തത്.

കോടതി സമുച്ചയത്തിന്റെ നിർമാണത്തിന് ഏറ്റവും കുറഞ്ഞ തുകയുടെ ക്വട്ടേഷൻ നൽകിയത് മുഹമ്മദ് അലിയുടെ നിർമാണ കമ്പനിയായിരുന്നു. എന്നാൽ ഇതിനേക്കാൾ 7.10 ശതമാനം അധികം തുക ക്വോട്ട് ചെയ്ത ഊരാളുങ്കൽ സൊസൈറ്റിക്ക് കരാർ നൽകാനായിരുന്നു കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടത്. ഇതിനെതിരെയാണ് സുപ്രീം കോടതിയെ സമീപിച്ചപ്പോഴാണ് സർക്കാരിനോട് വിശദീകരണം തേടിയത്.

സർക്കാർ നിർമാണ പ്രവർത്തനങ്ങളിൽ ഏറ്റവും കുറഞ്ഞ തുക പറഞ്ഞ സ്വകാര്യ കരാറുകാരന്റെ ക്വട്ടേഷനെക്കാൾ പത്ത് ശതമാനം വരെ തുകയ്ക്ക് സഹകരണ സൊസൈറ്റി നിർമാണ കരാർ ഏറ്റെടുക്കുമെങ്കിൽ നൽകാമെന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടെന്ന് സത്യവാങ്മൂലത്തിൽ പറയുന്നു. നിർമാണ കരാറുകളിൽ സഹകരണ സൊസൈറ്റികൾക്ക് ഇളവ് അനുവദിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനം ആണെന്നും സർക്കാർ സത്യവാങ്മൂലത്തിൽ വ്യക്തമാക്കി.

## കേരളീയം, ജനസദസ്സ്: ചെലവ് 200 കോടി കടക്കും

**തിരുവനന്തപുരം:** കേരളപ്പിറവിയോടനുബന്ധിച്ച് സംസ്ഥാന സർക്കാർ തലസ്ഥാനത്തു നടത്തുന്ന കേരളീയം പരിപാടിക്കും ഓരോ നിയമസഭാ മണ്ഡലത്തിലും മുഖ്യമന്ത്രിയും മന്ത്രിമാരും എത്തുന്ന ജനസദസ്സിനുമായി വേണ്ടി വരുന്ന ചെലവ് 200 കോടിയിലേറെ രൂപ. 5 ലക്ഷം രൂപയിൽ കൂടുതലുള്ള ചെലവുകൾക്ക് ധനവകുപ്പ് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും കേരളീയത്തിനും ജനസദസ്സിനും നിയന്ത്രണം ബാധകമല്ല.

പരിപാടികൾക്കു പണം അനുവദിച്ചുള്ള ഉത്തരവ് അടുത്തയാഴ്ച ഇറക്കും. ചെലവു കുറയ്ക്കാനായി കേരളീയം പരിപാടിക്ക് പരമാവധി സ്പോൺസർമാരെ കണ്ടെത്താൻ നിർദേശം നൽകി. വകുപ്പുകൾ സ്വന്തം ഫണ്ടിൽ നിന്നു പണമെടുത്തു ചെലവാക്കാനും ആവശ്യപ്പെട്ടു. സ്വകാര്യ സ്ഥാപനങ്ങൾ ഏതാനും വർഷങ്ങളായി സംഘടിപ്പിക്കുന്ന ഫെസ്റ്റിവലുകളെ മാതൃകയാക്കിയാണ് കേരളീയം ഒരുക്കുന്നത്.

5 ദിവസങ്ങളിലായി 25 സംവാദ പരിപാടികളാണ് കേരളീയത്തിൽ അരങ്ങേറുക. കഴിഞ്ഞ വർഷത്തെപ്പോലെ പുസ്തകോത്സവം നിയമസഭാ വളപ്പിൽ തന്നെ നടക്കും. നവംബർ 18 മുതൽ ഡിസംബർ 24 വരെ 140 മണ്ഡലങ്ങളിലായി നടക്കുന്ന ജനസദസ്സിൽ മുഖ്യമന്ത്രിയും മന്ത്രിമാരും അതതു മണ്ഡലങ്ങളിലെ പൗരപ്രമുഖരുമായി പ്രഭാത ഭക്ഷണം കഴിച്ച ശേഷമാകും മറ്റു പരിപാടികളിലേക്കു കടക്കുക.

## സാമ്പത്തികമായി അതിവേഗം വളർന്ന് സൗദി; വിനോദസഞ്ചാരികളുടെ എണ്ണത്തിലും നേട്ടം

**ജിദ്ദ:**സാമ്പത്തികമായി അതിവേഗം വളരുന്ന രാജ്യങ്ങളിലൊന്നായി സൗദി അറേബ്യ മാറിയെന്ന് രാജ്യാന്തര നാണയ നിധി. രാജ്യത്തിന്റെ ശക്തമായ ഉൽപ്പാദന ശേഷിയാണ് വളർച്ചക്ക് കാരണം. രാജ്യാന്തര വിനോദസഞ്ചാരികളുടെ വളർച്ചാ നിരക്കിൽ സൗദി ആഗോളതലത്തിൽ രണ്ടാം സ്ഥാനത്തെത്തി.

രാജ്യാന്തര നാണയ നിധിയുടേയും അനുബന്ധ സംഘടനകളുടേയും റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തുന്നതാണ് സൗദി ചേംബേഴ്സ് ഓഫ് കൊമേഴ്സ് പുറത്തിറക്കിയ റിപ്പോർട്ട്. കഴിഞ്ഞ വർഷം സൗദിയുടെ മൊത്തം ആഭ്യന്തര ഉൽപ്പാദനം 4.155 ട്രില്യൻ ഡോളറിലെത്തിയതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇത് ആദ്യമായാണ് ആഗോള ട്രില്യൻ ക്ലബ്ബിൽ സൗദി എത്തുന്നത്.

വിഷൻ 2025 പദ്ധതിയിലൂടെ ലക്ഷ്യം വെച്ചിരുന്നതിനേക്കാൾ വേഗതയിൽ ഈ നേട്ടം കൈവരിക്കാൻ സൗദിക്ക് സാധിച്ചു. 8.7 ശതമാനം വളർച്ചാ നിരക്കോടെ ജി20 രാജ്യങ്ങളിൽ ഏറ്റവും ഉയർന്ന നേട്ടമാണ് സൗദി സ്വന്തമാക്കിയത്. രാജ്യത്തിന്റെ ശക്തമായ ഉൽപ്പാദന ശേഷിയാണ് ഈ വളർച്ചക്ക് കാരണം. കൂടാതെ സൗദി 81.2% സ്വയം പര്യാപ്തത നേടുകയും നിക്ഷേപ നിരക്ക് 27.3% ആയി ഉയരുകയും ചെയ്തു.

## പ്രതികൂല കാലാവസ്ഥ: വിഴിഞ്ഞത്ത് ആദ്യകപ്പൽ എത്തുക ഒക്ടോബർ 15നെന്ന് മന്ത്രി

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് ആദ്യ കപ്പൽ ഒക്ടോബർ 15ന് വൈകിട്ട് മൂന്നു മണിക്ക് എത്തുമെന്ന് മന്ത്രി അഹമ്മദ് ദേവർകോവിൽ. കാലാവസ്ഥ വ്യതിയാനമനുസരിച്ചു കപ്പലിന്റെ വേഗതയിൽ കുറവു വന്നതനുസരിച്ചു ഗുജറാത്തിലെ മുംദ്രയിൽ നിന്നുള്ള മടക്കയാത്ര വൈകുമെന്നതിനാലാണ് നേരത്തെ നിശ്ചയിച്ച ഉദ്ഘാടന തീയതിയായ ഒക്ടോബർ നാലിൽ മാറ്റം വന്നത്. 13നോ 14നാ കപ്പൽ വിഴിഞ്ഞത്ത് എത്തും. കൃത്യതയ്ക്കു വേണ്ടിയാണ് 15ന് തീയതി നിശ്ചയിച്ചതെന്നു മന്ത്രി പറഞ്ഞു. സ്വപ്ന പദ്ധതിയുടെ പൂർത്തീകരണം എന്ന നിലയ്ക്ക് ഉദ്ഘാടന ചടങ്ങ് ആകർഷകമാക്കാനാണ് ശ്രമം. പാറക്കല്ലുകൾ എത്തിക്കുന്നതിലുള്ള തടസങ്ങൾ നീക്കുമെന്നും തമിഴ്നാടുമായി ചർച്ച നടത്തുമെന്നും മന്ത്രി അറിയിച്ചു.

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തേക്കുള്ള ക്രെയിനുകളും വഹിച്ചു വന്ന ഷെൻഹുവ15 എന്ന കപ്പൽ പ്രതീക്ഷിച്ച പോലെ 24ന് ഉച്ചകഴിഞ്ഞു 2.16ന് തുറമുഖത്തിനു അഭിമുഖമായ പുറം കടലിലൂടെ കടന്നു പോയിരുന്ന്. തീരത്തു നിന്നു 55 കിലോമീറ്റർ ഉള്ളിലായിട്ടായി വളരെ വേഗം കുറച്ചായിരുന്നു യാത്ര. വൈകിട്ട് 6ന് കൊല്ലം കടന്നു. കപ്പലിലുള്ള അഞ്ചു ക്രെയിനുകളിൽ രണ്ടെണ്ണം ഗുജറാത്തിലെ മുംദ്ര തുറമുഖത്ത് ഇറക്കുന്നതിനായാണ് ആദ്യം അവിടേക്ക് പോകുന്നത്. അവിടെ നിന്നാണ് കപ്പൽ വീണ്ടും വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തേക്ക് എത്തുക.



# തിരുവനന്തപുരത്തു നിന്നു യുകെയിലേക്ക് പ്രതിദിന വിമാനസർവീസ്



**തിരുവനന്തപുരം:** തിരുവനന്തപുരത്തു നിന്നു യുകെയിലേക്കു നേരിട്ടു പറക്കാം. ഇൻഡിഗോയും ബ്രിട്ടീഷ് എയർലൈൻസും തമ്മിൽ കോഡ് ഷെയറിങ് കരാർ ഒപ്പുവച്ചതോടെയാണ് ഒറ്റ ടിക്കറ്റിൽ തിരുവനന്തപുരത്തു നിന്നു ലണ്ടനിലെ ഹീത്രോ വിമാനത്താവളം വരെ യാത്ര ചെയ്യാൻ കഴിയുന്ന പ്രതിദിന സർവീസ് പ്രഖ്യാപിച്ചത്. മുംബൈ വഴിയാണ് സർവീസ് നടത്തുന്നത്. അടുത്ത മാസം 12നു ശേഷം ഈ റൂട്ടിലെ സർവീസ് ആരംഭിക്കും. ഈ കരാറിന്റെ ഭാഗമായി മുംബൈ വഴി കൊച്ചി ഹീത്രോ സർവീസും പ്രഖ്യാപിച്ചിട്ടുണ്ട്.

തങ്ങൾ സർവീസ് നടത്താത്ത റൂട്ടിലേക്കു വിമാനക്കമ്പനികൾ അവിടെ സർവീസ് നടത്തുന്ന മറ്റു കമ്പനികളുമായി ചേർന്നു യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതാണ് കോഡ് ഷെയറിങ് കരാർ. തിരുവനന്തപുരത്തു നിന്നു നിലവിൽ യുകെയിൽ പോകണമെങ്കിൽ മുംബൈ, ഡൽഹി തുടങ്ങിയ മറ്റു പ്രധാന വിമാനത്താവളത്തിലോ ദുബായ് തുടങ്ങിയ വിദേശ വിമാനത്താവളങ്ങളിലോ ഇറങ്ങി വേറെ വിമാനത്തിൽ മറ്റൊരു ടിക്കറ്റിലാണ് പോകേണ്ടത്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആഭ്യന്തര സർവീസുകളുള്ള ഇൻഡിഗോയും ബ്രിട്ടീഷ് എയർവേയ്സും കൈകൊടുക്കുന്നതോടെ യൂറോപ്പിലേക്കു കൂടുതൽ യാത്രാ സൗകര്യമുണ്ടാകും.തിരുവനന്തപുരത്തു നിന്നു നേരിട്ട് ഹീത്രോ വിമാനത്താവളത്തിലേക്കും തിരിച്ചും ടിക്കറ്റെടുക്കാം. ഈ ടിക്കറ്റ് ഉപയോഗിച്ചു തന്നെ തിരുവനന്തപുരത്തു നിന്ന് ഇൻഡിഗോ വിമാനത്തിൽ മുംബൈയിലേക്കും അവിടെ നിന്നു ബ്രിട്ടീഷ് എയർവേയ്സ് വിമാനത്തിൽ ഹീത്രോവിലേക്കും യാത്ര ചെയ്യാം. ലണ്ടനിൽ നിന്നു തിരുവനന്തപുരത്തേക്കും ഇതേ രീതിയിലാകും യാത്ര ക്രമീകരിക്കുക.

# നഴ്സിംഗ് മേഖലയിൽ ചരിത്ര മുന്നേറ്റം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സർക്കാർ, സർക്കാർ അനുബന്ധ മേഖലകളിൽ മാത്രം 760 ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ വർധിപ്പിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സർക്കാർ മേഖലയിൽ 400 സീറ്റുകൾക്കും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സിമെറ്റ് വഴി 360 സീറ്റുകൾക്കും ആരോഗ്യ സർവകലാശാല അനുമതി നൽകി. ചരിത്രത്തിലാദ്യമായാണ് ബി.എസ്.സി. നഴ്സിംഗിൽ ഇത്രയേറെ സീറ്റുകൾ ഒരുമിച്ച് വർധിപ്പിക്കുന്നത്. ഈ സീറ്റുകളിൽ ഈ വർഷം തന്നെ അഡ്മിഷൻ നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നഴ്സിംഗ് മേഖലയിലെ വലിയ സാധ്യത മുന്നിൽ കണ്ട് ഈ സർക്കാരിന്റെ കാലത്ത് നഴ്സിംഗ് സീറ്റുകൾ വർധിപ്പിക്കുന്നതിനും, മാനദണ്ഡമനുസരിച്ച് സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള പുതിയ കോളേജുകൾക്ക് അംഗീകാരം നൽകുന്നതിനും തീരുമാനിച്ചിരുന്നു. ഒപ്പം സർക്കാർ മേഖലയിലും സർക്കാരിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള സിമെറ്റ്, സിപാസ് പോലുള്ള സ്ഥാപനങ്ങളിലും പുതിയ കോളേജുകൾ ആരംഭിക്കുകയുണ്ടായെന്നും മന്ത്രി വ്യക്തമാക്കി. വർധിപ്പിച്ച സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് നടപടികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

2023 ഒക്ടോബർ 31 വരെ നഴ്സിംഗ് വിഭാഗങ്ങളിൽ അഡ്മിഷൻ നടത്താൻ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അനുമതി നൽകി. സ്വാശ്രയ മാനേജ്മെന്റുകളുടെ അഭ്യർത്ഥനയും, പുതിയ കോളേജുകൾ ആരംഭിക്കുന്നതിന്റെയും അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഇതുസംബന്ധിച്ച് അയച്ച കത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി. പുതിയ സാഹചര്യത്തിൽ ഒക്ടോബർ 31 വരെ അഡ്മിഷൻ നടത്താൻ കഴിയും. ഇതിന്റെയടിസ്ഥാനത്തിൽ ബി.എസ്.സി. നഴ്സിംഗ് ക്ലാസുകൾ ആരംഭിക്കുന്നത് സംബന്ധിച്ചും അത് ഷെഡ്യൂൾ ചെയ്ത് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ചും നടപടി സ്വീകരിക്കാൻ മന്ത്രി നിർദേശം നൽകി.

സർക്കാർ മേഖലയിൽ 760 പുതിയ ബി.എസ്.സി നഴ്സിംഗ് സീറ്റുകൾ ഈ വർഷം വന്നതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അഡ്മിഷൻ എടുത്തിട്ടുള്ള കുട്ടികൾക്ക് പുതിയ സർക്കാർ, സിമെറ്റ്, സിപാസ്, മാനേജ്മെന്റ് കോളേജുകളിലേയ്ക്ക് ഓപ്ഷൻ മുഖേന മാറുന്നതിന് അവസരം നൽകാൻ യോഗം തീരുമാനിച്ചു.

ആരോഗ്യ വകുപ്പിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള സിമെറ്റിന്റെ കീഴിൽ വർക്കല, നെയ്യാറ്റിൻകര, കോന്നി, നൂറനാട്, ധർമ്മടം, തളിപ്പറമ്പ് എന്നിവടങ്ങളിൽ 60 സീറ്റ് വീതമുള്ള നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നു. സിപാസിന്റെ കീഴിൽ കൊട്ടാരക്കരയിൽ 40 സീറ്റ് നഴ്സിംഗ് കോളേജിന് അനുമതി നൽകിയിട്ടുണ്ട്.

ഈ സർക്കാർ വന്ന ശേഷം നഴ്സിംഗ് മേഖലയിൽ വലിയ മുന്നേറ്റമാണുണ്ടായത്. 202223ൽ 832 ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ ഉയർത്തി. നഴ്സിംഗ് മേഖലയിൽ 2021 വരെ ആകെ 7422 സീറ്റുകളായിരുന്നു ഉണ്ടായിരുന്നത്. 2022ൽ 8254 സീറ്റുകളായും 2023ൽ 9821 സീറ്റുകളായും വർധിപ്പിച്ചു. 2021വരെ സർക്കാർ മേഖലയിൽ 435 ബി.എസ്.സി. നഴ്സിംഗ് സീറ്റുകളാണ് ഉണ്ടായിരുന്നത്. കഴിഞ്ഞ വർഷം കൊല്ലം, മഞ്ചേരി നഴ്സിംഗ് കോളേജുകൾ (120 സീറ്റ്) ആരംഭിച്ചു. കൂടാതെ നിലവിലുള്ള കോളേജുകളിൽ അധികമായി 92 സീറ്റുകളും വർധിപ്പിച്ചു. ഇതുകൂടാതെയാണ് ഈ വർഷം 760 സർക്കാർ സീറ്റുകൾ വർധിപ്പിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 612 ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ സർക്കാർ മേഖലയിലും സർക്കാർ, സ്വകാര്യ മേഖലയിലായി ആകെ 2399 സീറ്റുകളും വർധിപ്പിക്കാൻ കഴിഞ്ഞു. 202324ൽ 1517 ബി.എസ്.സി. നഴ്സിംഗ് സീറ്റുകളാണ് വർധിപ്പിക്കാൻ പ്രതീക്ഷിക്കുന്നത്. കൂടാതെ സർക്കാർ മേഖലയിൽ ജനറൽ നഴ്സിംഗിന് ഈ വർഷം മുൻ വർഷത്തെ അപേക്ഷിച്ച് 100 സീറ്റ് വർധിപ്പിച്ച് 557 സീറ്റുകളായി ഉയർത്തി. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, നഴ്സിംഗ് വിദ്യാഭ്യാസ ജോ. ഡയറക്ടർ, എൽബിഎസ് ഡയറക്ടർ, ആരോഗ്യ സർവകലാശാല രജിസ്ട്രാർ, നഴ്സിംഗ് കൗൺസിൽ രജിസ്ട്രാർ, സ്വകാര്യ മേഖലയിലെ സംഘടനാ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി : ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കണം

**ഇടുക്കി:** പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയിൽ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കാത്തവർ ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കേണ്ടതും ഭൂരേഖകൾ അക്ഷയ സെന്ററുകളിലോ കൃഷിഭവനുകളിലോ സമർപ്പിച്ച് ലാൻഡ് സീഡിങ്ങ് നടത്തേണ്ടതുമാണ്. ലാൻഡ് സീഡിങ്ങ് നടത്തിയിട്ടും ബാങ്ക് അക്കൗണ്ടുകളിൽ തുക എത്താത്തവർ പോസ്റ്റ് ഓഫീസുകളിൽ എത്തി ഇന്ത്യൻ പോസ്റ്റ് പേയ്മെന്റ് ബാങ്കുവഴി ആധാർ സീഡ് ചെയ്ത് അക്കൗണ്ട് തുടങ്ങാം. അക്കൗണ്ട് ആരംഭിക്കുന്നതിന് ആധാർ കാർഡ്, ആധാറുമായി ലിങ്ക് ചെയ്ത ഫോൺ ,200 രൂപ എന്നിവയുമായി പോസ്റ്റ്ഓഫീസുകളിൽ സമീപിക്കണം. അക്ഷയകേന്ദ്രം ,സി.എസ്.സി, വെബ്സൈറ്റ് എന്നിവയിലൂടെയോ പിഎംകിസാൻ യോഗി എന്ന ആപ്ലിക്കേഷനിലൂടെയോ ആധാർ ഉപയോഗിച്ച് സ്വന്തമായി ഇകെവൈസി നടപടികൾ പൂർത്തിയാക്കാം.

ഇടുക്കി ജില്ലയിൽ 43916 കർഷകർ ഇകെവൈസി ചെയ്യുവാനും 38471 കർഷകർ ഭൂരേഖകൾ ചേർക്കുവാനും 8418 കർഷകർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുവാനും ഉണ്ട്. സെപ്തംബർ 30 നകം ഈ നടപടികൾ പൂർത്തിയാക്കിയില്ലെങ്കിൽ അംഗങ്ങളായ പ്രസ്തുത കർഷകർ ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെടും.

സെപ്റ്റംബർ 29 ഇകെവൈസി സ്പെഷ്യൽ ദിനമായി അക്ഷയ ,സിഎസ്സികളിലും 28,29,30 തീയതികളിൽ പോസ്റ്റ് ഓഫീസുകളിൽ ഐപിപിബി സ്പെഷ്യൽ കാമ്പയ്നുകളും നടക്കും.

പുതിയ കർഷകർക്ക് പദ്ധതിയിൽ അംഗമാകാൻ അപേക്ഷകന് 201819 മുതൽ സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം. ഇത് തെളിയിക്കുന്ന രേഖ, നിലവിലെ കരം അടച്ച രസീത്, ആധാർ കാർഡ് എന്നിവ ഉപയോഗിച്ച് സ്വന്തമായോ, അക്ഷയ അല്ലെങ്കിൽ ഡിജിറ്റൽ സേവനകേന്ദ്രങ്ങൾ വഴിയോ www.pmkisan.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കണം.

## ലോൺ ആപ്പുകളുടെ ചൂഷണങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കും : വനിതാ കമ്മീഷൻ

**കൊല്ലം:** സംസ്ഥാനത്ത് ലോൺ ആപ്പ് ഉൾപ്പെടെയുള്ള നവമാധ്യമ ശൃംഖലകളിലൂടെ സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന ചൂഷണങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് വനിത കമ്മീഷൻ ചെയർപേഴ്സൺ പി സതീദേവി. ആശ്രാമം സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന അദാലത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. 10 വനിതകളിൽ കൂടുതൽ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ പോഷ് ആക്ട് പ്രകാരം പരാതി പരിഹാര സെല്ലുകൾ രൂപീകരിക്കണമെന്നും സെൽ രൂപീകരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ പിഴ ഉൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് പ്രത്യേക നിർദ്ദേശം നൽകും.

പൊതുപ്രവർത്തന രംഗത്തുള്ള സ്ത്രീകൾക്കെതിരെയുള്ള അധിക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടികൾ കൈക്കൊള്ളും. മുൻകൂട്ടി അറിയിപ്പുകൾ നൽകാതെ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ആനുകൂല്യങ്ങൾ നിഷേധിച്ച് അധ്യാപകരെ പിരിച്ചുവിടുന്ന സാഹചര്യം ഒഴിവാക്കണമെന്നും കമ്മീഷൻ വ്യക്തമാക്കി.

അദാലത്തിൽ 81 പരാതികൾ പരിഗണിച്ചു. 11 എണ്ണം തീർപ്പാക്കി. ഒരു പരാതി കൗൺസിലിങ്ങിനായും, അഞ്ച് കേസുകൾ റിപ്പോർട്ട് തേടുന്നതിനായും അയച്ചു. 64 പരാതികൾ അടുത്ത അദാലത്തിലേക്ക് മാറ്റി. കമ്മീഷൻ അംഗങ്ങളായ ഇന്ദിര രവീന്ദ്രൻ, എലിസബത്ത് മാമൻ മത്തായി, സർക്കിൾ ഇൻസ്പെക്ടർ ജോസ് കുര്യൻ, അഭിഭാഷകരായ ബെച്ച കൃഷ്ണ, ജയ കമലാസനൻ, ശുഭ, കൗൺസിലർ സിസ്റ്റർ സംഗീത തുടങ്ങിയവർ പങ്കെടുത്തു.

## സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് ഹോമിയോപ്പതി ചികിത്സ ഫലപ്രദം

**കൊല്ലം:** സ്ത്രീകൾക്ക് ഉണ്ടാകുന്ന വൈകാരിക പ്രശ്നങ്ങൾ, ആർത്തവ രോഗങ്ങൾ, രക്തസമ്മർദം, പ്രമേഹം, തൈറോയ്ഡ് രോഗങ്ങൾ എന്നിവയ്ക്ക് ഹോമിയോപ്പതി ചികിത്സ ഫലപ്രദമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ. ഹോമിയോപ്പതി വകുപ്പിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള 'ഷീ ക്യാംപയിന്റെ ജില്ലാതല ഉദ്ഘാടനം കരവാളൂർ കോയിപ്പുറം ആഡിറ്റോറിയത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കരവാളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ലതികമ്മ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ സി എസ് പ്രദീപ്, ജില്ലാ ഹോമിയോപ്പതി ആശുപത്രി സൂപ്രണ്ട് ആശാറാണി, കുളക്കട സർക്കാർ ഹോമിയോ ഡിസ്പെൻസറി ചീഫ് മെഡിക്കൽ ഓഫീസർ ഷീബ റെജികുമാർ ബോധവത്കരണ ക്ലാസ്സ് നയിച്ചു. തുടർന്ന് നടന്ന മെഡിക്കൽ ക്യാമ്പ് അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഭവനാ മുരളി ഉദ്ഘാടനം ചെയ്തു. 300 രോഗികൾക്ക് ചികിത്സയും മരുന്ന് വിതരണവും നടത്തി. തുടർ ചികിത്സക്കായി ജില്ലാ ആശുപത്രി, താലൂക്ക് സർക്കാർ, എൻ എച്ച് എം ഡിസ്പെൻസറികൾ ആശുപത്രികൾ എന്നിവയിലേക്ക് നിർദേശിച്ചു. കരവാളൂർ ഗ്രാമപഞ്ചായത്ത് മെമ്പർമാരായ രാജൻപിള്ള, ജി എസ് ലക്ഷ്മി, എ ഗോപി, ആർ ബിന്ദു, എ സി ജോസ്, കെ സി അശോക് കുമാർ, ചെല്ലപ്പൻ, ജിഷാ മുരളി, പ്രകാശ് കുമാർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വി ആർ അജിത്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

# കരുത്തോടെ വിളയുന്നു പൗർണമി: പ്രതീക്ഷയിൽ കർഷകർ



**കുട്ടനാട്:** പ്രതിസന്ധികളെ മനോധൈര്യത്താൽ നേരിടുന്ന കുട്ടനാടൻ നെല്ല് കർഷകർക്കു പ്രതീക്ഷയേകി പൗർണമി എന്ന നെൽവിത്ത്. നെടുമുടി കൃഷിഭവൻ പരിധിയിലെ വള്ളുവൻകാട് പാടശേഖരത്തിലെ കർഷകരാണ് ഇത്തവണ പരീക്ഷണാടിസ്ഥാനത്തിൽ പൗർണമി വിത്ത് വിതച്ചത്. 160 ഏക്കർ വിസ്തൃതിയുള്ള പാടശേഖരത്തിൽ പൂർണമായും ഇത്തവണ പൗർണമി വിത്താണു വിതച്ചിരിക്കുന്നത്. മണ്ണുത്തിയിൽ നിന്നാണു പാടശേഖരത്തിലേക്ക് ആവശ്യമായ വിത്ത് വാങ്ങിയത്.

120 ദിവസം മൂപ്പുള്ള വിത്ത് മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്തതാണ്. 2015ൽ വികസിപ്പിച്ചെടുത്ത വിത്ത് വ്യാപകമായി കൃഷി ചെയ്യുന്നത് ഇപ്പോഴാണ്. രണ്ടര പതിറ്റാണ്ടു മുൻപു മങ്കൊമ്പ് നെല്ലു ഗവേഷണ കേന്ദ്രം തന്നെ വികസിപ്പിച്ചെടുത്ത ഉമ നെല്ല് വിത്തിനു പകരക്കാരനെ തേടിയുള്ള കുട്ടനാടൻ കർഷകരുടെ ഓട്ടത്തിനു പൗർണമി ഒരു പരിഹാരമായേക്കും.

ഉമ നെന്മണിയേക്കാൾ വലിയ നെൽമണികളാണു പൗർണമിയുടേത്. ജ്യോതി അരിയുടെ അത്രയും എത്തില്ലെങ്കിലും ഉമയുടെ അരിയേക്കാൾ രുചികരമാണു പൗർണമിയുടെ അരിയെന്നും അഭിപ്രായമുണ്ട്. കൂടാതെ 120 ദിവസം മൂപ്പുള്ള നെല്ല് 120ാം ദിവസം തന്നെ വിളവെടുക്കാൻ സാധിക്കുമെന്നതും പ്രത്യേകതയാണ്. 120 ദിവസം മൂപ്പുള്ള ഉമ വിത്ത് മഴ കൂടുതലുള്ള രണ്ടാംകൃഷി സീസണിൽ 130 മുതൽ 140 ദിവസം വരെ സമയമെടുത്താൽ മാത്രമേ വിളവെടുക്കാൻ സാധിക്കുകയുള്ളൂ.

പള്ളാത്തുരുത്തി വള്ളുവൻകാട് പാടശേഖരത്തിൽ പൗർണമി നെൽവിത്ത് വിതച്ചിട്ട് 100 ദിവസത്തോളമായി. വിളവെടുപ്പിന് ഇനി 20 ദിവസം കൂടിയേ ബാക്കിയുള്ളൂ. ഈ സീസണിലെ മറ്റു പല പാടശേഖരങ്ങളിലെയും നെൽക്കൃഷിയിൽ കുമിൾ, കീട ബാധ വ്യാപകമായി കൃഷിയെ ബാധിച്ചെങ്കിലും വള്ളുവൻകാട് പാടശേഖരത്തിൽ ഇത്തവണ രോഗ ബാധയൊന്നും ഉണ്ടായിട്ടില്ല. മറ്റു പാടശേഖരങ്ങളിൽ രണ്ടും മൂന്നും പ്രാവശ്യം രാസകീടനാശിനി പ്രയോഗം കർഷകർ നടത്തിയിരുന്നു.

എന്നാൽ, വള്ളുവൻകാട് പാടശേഖരത്തിൽ ഇതുവരെ രാസ കീടനാശിനി പ്രയോഗം നടത്തേണ്ട ആവശ്യം കർഷകർക്കുണ്ടായില്ല. കൂടാതെ വരൾച്ചയെയും കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന അമിത ചൂടിനെയും ഉപ്പിനെയും പ്രതിരോധിക്കാൻ പൗർണമിക്കു സാധിക്കുമെന്നാണു കർഷകരുടെ സാക്ഷ്യം.

ഇത്തവണ വിതയിറക്കിയ നെല്ലിനത്തിന്റെ കാര്യത്തിൽ പാടശേഖരത്തിലെ എല്ലാ കർഷകർക്കും വളരെ നല്ല അഭിപ്രായം ആണെന്നു പാടശേഖര സമിതി സെക്രട്ടറി ബിജോയി കയ്യാറ്റിൽച്ചിറയും പ്രസിഡന്റ് കുഞ്ഞച്ചൻ കളത്തിത്തറയും പറഞ്ഞു. അടുത്ത പുഞ്ചക്കൃഷിക്കും ഇതേ വിത്തു തന്നെ വിതയ്ക്കുവാൻ തന്നെയാണു പാടശേഖര പൊതുയോഗം തീരുമാനം എടുത്തിരിക്കുന്നത്.

## ടേക്ക് എ ബ്രേക്ക് കെട്ടിടനിർമാണം 40 ലക്ഷത്തിന്റെ കരാർ

**ചെങ്ങന്നൂർ :** നഗരസഭാ ബസ് സ്റ്റാൻഡ് വളപ്പിൽ ടേക്ക് എ ബ്രേക്ക് മാതൃകയിൽ കെട്ടിടനിർമാണത്തിനു 40 ലക്ഷം രൂപയുടെ കരാർ. ശുചിമുറികളും വിശ്രമമുറികളും ഉൾപ്പെടുന്ന സമുച്ചയത്തിന്റെ നിർമാണം അടുത്തയാഴ്ച ആരംഭിച്ചേക്കും. സ്ത്രീകൾക്കും പുരുഷൻമാർക്കും 4 വീതം ശുചിമുറികൾ കെട്ടിടത്തിലുണ്ടാകും. ഭിന്നശേഷി സൗഹൃദശുചിമുറികൾ ഓരോന്നു വീതവും.

ഇവയ്ക്കു പുറമേ സ്ത്രീകൾക്കും പുരുഷൻമാർക്കുമുള്ള വിശ്രമമുറികൾ, മുലയൂട്ടൽ മുറി, കഫെറ്റീരിയ , എടിഎം കൗണ്ടർ എന്നിവയുമുണ്ടാകും. നഗരസഭ ഫണ്ട് ഉപയോഗിച്ചാണു നിർമാണം. ദിവസങ്ങൾക്കകം പഴയ കംഫർട്ട് സ്റ്റേഷൻ പൊളിച്ചുനീക്കി പുതിയ കെട്ടിടത്തിന്റെ നിർമാണം തുടങ്ങും. ശബരിമലയുടെ പ്രധാന ഇടത്താവളമായ



ചെങ്ങന്നൂരിൽ പുതിയ കെട്ടിടസമുച്ചയം തീർഥാടകർക്കും പ്രയോജനകരമാകും.

നിലവിൽ നഗരസഭാ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ശുചിമുറികൾ ജീർണാവസ്ഥയിലാണ്. സീസൺ കാലത്ത് ലക്ഷക്കണക്കിന് തീർഥാടകർ എത്തുമ്പോൾ പ്രാഥമിക കൃത്യങ്ങൾ നിറവേറ്റാൻ ഏറെ ബുദ്ധിമുട്ടിയിരുന്നു. പ്രാഥമിക കൃത്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങളുടെ കുറവ് പരിഹരിക്കണമെന്ന ആവശ്യം എല്ലാ സീസൺ കാലത്തും ഉയരുമെങ്കിലും ശാശ്വത പരിഹാരമായിരുന്നില്ല.

ആധുനിക സൗകര്യങ്ങളോടെയുള്ള പ്രീമിയം നിലവാരത്തിലുള്ള വിശ്രമകേന്ദ്രം നഗരസഭയുടെയും കുടുംബശ്രീയുടെയും മേൽനോട്ടത്തിൽ പ്രവർത്തിപ്പിക്കും. പണം കൊടുത്ത് ഉപയോഗിക്കാവുന്ന തരത്തിലാകും പ്രവർത്തനം.

## ആയുഷ്മാൻ ഭവ കാമ്പയിൻ; മെഡിക്കൽ ക്യാമ്പുകൾക്കു തുടക്കം

**കോട്ടയം:** ആയുഷ്മാൻ ഭവ കാമ്പയിന്റെ ഭാഗമായ വിദഗ്ധ മെഡിക്കൽ ക്യാമ്പുകൾക്ക് തുടക്കം. കാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ആർപ്പൂക്കര പനമ്പാലം കോലേട്ടമ്പലം എസ്.എൻ.ഡി.പി. ഹാളിൽ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആര്യാ രാജൻ നിർവഹിച്ചു. ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഞ്ജു മനോജ് അധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എൻ. പ്രിയ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അജയ് മോഹൻ, അതിരമ്പുഴ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ.എസ്. അനിൽ കുമാർ, ജില്ലാ മാസ് മീഡിയ ഓഫീസർ ജെ. ഡോമി, ഹെൽത്ത് സൂപ്പർവൈസർ കാളിദാസ് എന്നിവർ പ്രസംഗിച്ചു.

വിവിധ ആരോഗ്യസേവനങ്ങളിലൂടെ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കാനായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ആയുഷ്മാൻ ഭവ കാമ്പയിന്റെ ഭാഗമായി കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളജിന്റെയും ജനറൽ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെയും വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ 19 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ശനിയാഴ്ചകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണ് പദ്ധതി.

## ഗ്രാമീണ ഗവേഷക സംഗമം നവംബറിൽ തൃശ്ശൂരിൽ

**തൃശ്ശൂർ:** ഗ്രാമീണ മേഖലയിലെ അസംഘടിതരായ ഗവേഷകർക്കായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സംഘടിപ്പിക്കുന്ന സംസ്ഥാനതല ഗ്രാമീണ ഗവേഷണ സംഗമം തൃശ്ശൂർ പീച്ചിയിലെ കേരള വന ഗവേഷണ സ്ഥാപനത്തിൽ നവംബർ 17,18 തീയതികളിൽ നടക്കും. തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സ്റ്റാർട്ടപ്പ് മിഷൻ, സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി. ഗ്രാമീണ ഗവേഷകരെയും സാങ്കേതിക വിദഗ്ധരെയും പ്രോത്സാഹിപ്പിക്കുകയും അവരുടെ കണ്ടുപിടുത്തങ്ങൾ പ്രദർശിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള വേദിയൊരുക്കുകയും അവർക്കു മറ്റു ശാസ്ത്ര സാങ്കേതിക വിദഗ്ധരുമായി ആശയവിനിമയം നടത്താനുള്ള അവസരമൊരുക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം.

സംസ്ഥാനതല ഗ്രാമീണ ഗവേഷണ സംഗമത്തിനു മുന്നോടിയായി പ്രാദേശികതലത്തിൽ ഗ്രാമീണ ഗവേഷക സംഗമം സംഘടിപ്പിക്കും. ഗവേഷക സംഗമത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും മികച്ച സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്ന ഗ്രാമീണ ഗവേഷകരെ തിരഞ്ഞെടുത്തു സമ്മാനം നൽകി പ്രോത്സാഹിപ്പിക്കും. ഏറ്റവും മികച്ച സാങ്കേതിക വിദ്യയ്ക്ക് മുഖ്യമന്ത്രിയുടെ റൂറൽ ഇന്നൊവേഷൻ അവാർഡ് നൽകും. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്.

രണ്ടാമത്തെ മികച്ച രണ്ട് കണ്ടുപിടിത്തങ്ങൾക്ക് റൂറൽ ഇന്നൊവേഷൻ അവാർഡുകൾ നൽകും. 25,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്. അഞ്ച് മികച്ച കണ്ടുപിടിത്തങ്ങൾക്ക് 5,000 രൂപയും, പ്രശസ്തി പത്രവും ഫലകവും അടങ്ങുന്ന പ്രത്യേക അവാർഡുകൾ നൽകും.

വിദ്യാർഥികളിൽ ഗ്രാമീണ സാങ്കേതിക വിദ്യകളോടുള്ള അഭിരുചി വർദ്ധിപ്പിക്കുവാനായി രണ്ട് വിദ്യാർഥി റൂറൽ ഇന്നൊവേഷൻ അവാർഡുകൾ നൽകും. 10,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്. ഏറ്റവും കൂടുതൽ ഗ്രാമീണ ഗവേഷകരെ സംസ്ഥാന തല ങ്കങ്ങ ൽ പങ്കെടുപ്പിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ഇരുപതിനായിരം രൂപയും നൽകും.

ഗ്രാമീണ ഗവേഷക സംഗമത്തിൽ പങ്കെടുക്കുന്നതിലേക്കായി ഗ്രാമീണ ഗവേഷകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഓൺലൈനായി www.kscste.kerala.gov.in മുഖേന സമർപ്പിക്കണം. അവസാന തീയതി ഒക്ടോബർ 7.

## ഇന്റർവ്യൂ ഒക്ടോബർ അഞ്ചിന്

**തിരുവനന്തപുരം:** പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐകളിലേക്ക് നിശ്ചിത സമയത്തേക്ക് എംപ്ലോയബിലിറ്റി സ്കിൽസ് എന്ന വിഷയം പഠിപ്പിക്കുന്നതിനായി ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുന്നതിന് സെപ്റ്റംബർ 28നു നടത്താൻ നിശ്ചയിച്ചിരുന്ന ഇന്റർവ്യൂ ഒക്ടോബർ അഞ്ചിലേക്കു മാറ്റിയതായി ദക്ഷിണമേഖലാ ട്രെയിനിങ് ഇൻസ്പെക്ടർ അറിയിച്ചു.

# കേരള സയൻസ് സിറ്റി നിർമാണം മുടങ്ങിയിട്ട് 6 മാസം



**കുറവിലങ്ങാട് :** ദക്ഷിണേന്ത്യയിലെ ആദ്യ സയൻസ് സിറ്റി നിർമാണം ആരംഭിച്ചത് 2014 ഫെബ്രുവരി 2ന്. 10 വർഷം പൂർത്തിയാകാൻ മാസങ്ങൾ മാത്രം. ആദ്യ ഘട്ടം ഉടൻ തുറക്കുമെന്ന് അധികൃതർ പറഞ്ഞു തുടങ്ങിയതിന്റെ വാർഷികം തന്നെ പല തവണ കഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന ജോലി പോലും പൂർത്തിയായിട്ടില്ല. കോടിക്കണക്കിനു രൂപയുടെ കെട്ടിടങ്ങൾ നിർമിച്ചു. പലതും പൂർത്തിയായിട്ടില്ല. കഴിഞ്ഞ ഡിസംബറിൽ മന്ത്രി ആർ.ബിന്ദു നേരിട്ടെത്തി പ്രവർത്തനങ്ങൾ വിലയിരുത്തി. പക്ഷേ വഞ്ചി ഇപ്പോഴും തിരുനക്കരയിൽ തന്നെ എന്ന അവസ്ഥയിലാണ് കാര്യങ്ങൾ.

നിർമാണ സ്ഥലത്ത് 6 മാസമായി ഒരു തൊഴിലാളി പോലും ഇല്ല. ജോലികൾ പൂർണമായി മുടങ്ങി. ഉപകരണങ്ങൾ പലതും തുരുമ്പെടുത്തു. കോടികൾ മുടക്കി നിർമിച്ച കവാടം, ചുറ്റുമതിൽ, തുറന്ന വേദി എന്നിവ കാട് പിടിച്ചു കിടക്കുന്നു. കവാടം കടന്നുചെന്നാൽ 30 ഏക്കർ സ്ഥലം അനാഥമായ അവസ്ഥയിലാണ്. കൊൽക്കത്ത നാഷനൽ കൗൺസിൽ ഫോർ സയൻസ് മ്യൂസിയത്തിന്റെ മേൽനോട്ടത്തിൽ നിർമിച്ച് കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനു കൈമാറിയ സയൻസ് സെന്റർ പൂർത്തിയായി. പക്ഷേ, ഇതിനു ചുറ്റിനും സ്ഥാപിച്ചിരിക്കുന്ന ഉപകരണങ്ങൾ, പ്രതിമകൾ തുടങ്ങിയവ നാശത്തിന്റെ വക്കിലാണ്. പരിസരമാകെ പുല്ല് പിടിച്ചു കിടക്കുന്നു. കൃത്യമായി ശുചീകരണം നടത്താൻ ആരുമില്ല.

ഐഎസ്ആർഒയുടെ സഹകരണത്തോടെ നിർമിക്കുന്ന സ്പേസ് സെന്റർ ഇപ്പോൾ അസ്ഥികൂടം പോലെയാണ്. സാങ്കേതിക തടസ്സം മൂലം നിർമാണം മുടങ്ങിക്കിടക്കുന്ന സ്പേസ് സെന്റർ കെട്ടിടത്തിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചു എന്നാണ് മന്ത്രി കഴിഞ്ഞ ദിവസം നിയമസഭയിൽ പറഞ്ഞത്. എൻട്രൻസ് പ്ലാസ, മോഷൻ സിമുലേറ്റർ കെട്ടിടം, ആംഫി തിയറ്റർ, യുജി സംപ് ടാങ്ക്(ഭൂഗർഭ സംഭരണി), ജലസംഭരണി, ഫുഡ് കോർട്ട്, ചുറ്റുമതിൽ, വഴികൾ എന്നിവ പൂർത്തിയായി വരുന്നതായി മന്ത്രി പറഞ്ഞു. കൂറ്റൻ ജലസംഭരണി ഏകദേശം പൂർത്തിയായി. പക്ഷേ പണം നൽകാത്തതിനാൽ കരാറുകാർ ജോലി നിർത്തി.

സ്പേസ് സെന്ററിനു വേണ്ടി യന്ത്രഭാഗങ്ങൾ വിദേശത്തു നിന്ന് എത്തിച്ചു. കോടികൾ വിലമതിക്കുന്ന ഉപകരണങ്ങളാണ് എത്തിയത്. കൂറ്റൻ ടെലിസ്കോപ് ഉൾപ്പെടെ ഇപ്പോഴും മുറികളിലെ ഇരുട്ടിൽ വിശ്രമിക്കുന്നു. പൊട്ടിച്ചു പരിശോധിച്ചിട്ടു പോലുമില്ല. വർഷങ്ങൾക്കു മുൻപ് എത്തിച്ച ഉപകരണങ്ങൾ ഇനി ഉപയോഗിക്കാൻ സാധിക്കുമോ എന്നു സാങ്കേതിക വിദഗ്ധർക്കു പോലും സംശയം. കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം, ഐഎസ്ആർഒ എന്നിവയുടെ നേതൃത്വത്തിൽ നിർമിക്കുന്ന സ്പേസ് തിയറ്ററിൽ സ്ഥാപിക്കുന്നത് ഇന്ത്യയിലെ ഏറ്റവും വലിയ ഡോം (താഴികക്കുടം). പക്ഷേ കെട്ടിടത്തിനു മുകളിൽ വലിയ പന്ത് പോലെ എന്തോ നിർമിച്ചതൊഴിച്ചാൽ മൈക്രോ കോൺക്രീറ്റിങ് ഉൾപ്പെടെ എല്ലാ ജോലികളും നിലച്ചു.

ഏതു പ്രധാന പദ്ധതിക്കും ആദ്യം ഒരുക്കേണ്ടത് അടിസ്ഥാന സൗകര്യങ്ങളാണ്. പക്ഷേ ഇവിടെ ആദ്യം നിർമിച്ചത് കോടിക്കണക്കിനു രൂപയുടെ കെട്ടിടങ്ങൾ. കെട്ടിടങ്ങൾക്കു മാത്രമായി 70 കോടി മുടക്കിയെന്നാണ് അനൗദ്യോഗിക കണക്ക്. കുറവിലങ്ങാട് കെഎസ്ഇബി സബ് സ്റ്റേഷൻ മുതൽ സയൻസ് സിറ്റി വരെ മികച്ച നിലവാരത്തിലുള്ള എബിസി കേബിൾ സ്ഥാപിച്ചു. പക്ഷേ, സയൻസ് സിറ്റിയിലെ കെട്ടിടങ്ങളിലേക്കു വൈദ്യുതി എത്തിയില്ല. വൈദ്യുതീകരണ ജോലികളുടെ കരാർ കെഎൽ എന്ന കമ്പനി ഏറ്റെടുത്തത് 2021ൽ. കെഎൽ ഉപകരാർ നൽകി.

3 മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്നായിരുന്നു കരാർ ചട്ടം. പക്ഷേ 2 വർഷവും 6 മാസവും കഴിഞ്ഞിട്ടും പണികൾ പൂർത്തിയായില്ല. രണ്ടര ലക്ഷം രൂപ മുടക്കി വാങ്ങിയ കൂറ്റൻ ജനറേറ്റർ തുരുമ്പെടുത്തു നശിക്കുന്നു. ഉൾഭാഗത്തെ റോഡുകൾക്കായി 2 കോടിയിലധികം രൂപയുടെ കരാർ നൽകി. പക്ഷേ റോഡ് നിർമാണം ഇതുവരെ പൂർത്തിയായിട്ടില്ല. പാത കാട് കയറി കിടക്കുന്നു. കൂറ്റൻ ജലസംഭരണി നിർമിച്ചു. പക്ഷേ വിവിധ കെട്ടിടങ്ങളിലേക്കു വെള്ളം എത്തിക്കാനുള്ള വിതരണ സംവിധാനം ഇപ്പോഴും പാതിവഴിയിൽ.

നിർമാണത്തിന് ഒരു ഏജൻസിക്കു കരാർ നൽകും. അവർ ഉപകരാർ നൽകും. കെഎൽ, ഹാബിറ്റാറ്റ്, എച്ച്എൽഎൽ തുടങ്ങിയ സ്ഥാപനങ്ങളെല്ലാം ഇതാണ് ചെയ്തത്. ഫലമോ നിർമാണ ജോലികൾ എങ്ങും എത്തിയില്ല. കോടികൾ മുടക്കിയിട്ടും ഒന്നാം ഘട്ടം പോലും പൂർത്തിയായില്ല. നിലവിൽ ഒരു തൊഴിലാളി പോലും ഇവിടെയില്ല.

ദിവസവേതന അടിസ്ഥാനത്തിൽ ചില ജോലിക്കാരെ നിയമിച്ചിട്ടുണ്ട്. ഇവർക്കു ശമ്പളം കൃത്യമായി ലഭിക്കുന്നു. പക്ഷേ കാര്യമായ ജോലികളില്ല. ഫണ്ട് ലഭ്യതയല്ല പ്രശ്നം. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഇല്ലാത്തതും കരാറുകാർ കൃത്യമായി ജോലി ചെയ്യാത്തതുമാണ് പ്രധാന പ്രശ്നം. നിർമാണ പുരോഗതി സംബന്ധിച്ചു കൃത്യമായ പരിശോധനയും നടത്തുന്നില്ല.



# മുഖം മിനുക്കാൻ ഫോർട്ട്കൊച്ചി ബീച്ച്; 1.69 കോടി രൂപ ചെലവ്

**ഫോർട്ട്കൊച്ചി:** ബീച്ചിന് പുതിയ മുഖഛായ നൽകാൻ കെഎംആർഎൽ. 1.69 കോടി രൂപ ചെലവു കണക്കാക്കുന്ന നവീകരണ ജോലികൾക്ക് ഇന്നു തറക്കല്ലിടും. ബീച്ചിനു സമീപമുള്ള കൊച്ചിൻ ക്ലബ്ബിൽ ഇന്ന് രാവിലെ 10ന് മേയർ എം.അനിൽകുമാർ നിർമാണോദ്ഘാടനം നിർവഹിക്കും. കൊച്ചി ജല മെട്രോയുടെ പ്രധാന ടെർമിനലുകളിൽ ഒന്നായ ഫോർട്ട്കൊച്ചി ടെർമിനലിലേക്ക് എത്തുന്നവർക്കും പ്രദേശവാസികൾക്കും വിനോദ സഞ്ചാരികൾക്കും ആവശ്യമായ സൗകര്യങ്ങൾ കൂടി ഒരുക്കിയാണ് നിർമാണങ്ങൾ നടത്തുക.

ഫോർട്ട്കൊച്ചി ബീച്ചിലേക്കുള്ള നടപ്പാതയുടെ പൊട്ടിയ ടൈലുകൾ മാറ്റി സ്ഥാപിക്കും. പ്രവർത്തന രഹിതമായ വഴിവിളക്കുകൾ മാറ്റും. മറ്റു സ്ഥലങ്ങളിൽ ആവശ്യമായ വഴിവിളക്കുകൾ സ്ഥാപിക്കാനും ബീച്ചിനു സമീപം 3 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

നടപ്പാതയിലെ ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു സംരക്ഷണ വകുപ്പുമായി ചേർന്നു നടപ്പാക്കും. ജല മെട്രോ ടെർമിനലിന് സമീപം മത്സ്യ വിൽപന നടത്തുന്നവർക്കായി ആധുനിക രീതിയിലുള്ള 5 കിയോസ്കുകളും നിർമിച്ചു നൽകും.

ജല മെട്രോ ടെർമിനൽ പ്രവർത്തനം ആരംഭിക്കുന്നതോടെ വിനോദ സഞ്ചാരികൾക്ക് കൊച്ചിയുടെ കായൽക്കാഴ്ച ആസ്വദിച്ച് ഗതാഗത കുരുക്കിൽ പെടാതെ ഫോർട്ട്കൊച്ചിയിലേക്ക് എത്താൻ കഴിയും.

ഇതിന് മുന്നോടിയായാണ് ടെർമിനലിന് സമീപമുള്ള പ്രദേശങ്ങളും കെഎംആർഎൽ നവീകരിക്കുന്നത്.

## ഹോംനഴ്സിംഗ് പൂൾ: അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** ജില്ലാ പഞ്ചായത്തിന്റെ 202324 വർഷത്തെ സമഗ്ര ജൻഡർ വികസന പ്രോജക്ടിന്റെ ഭാഗമായി ആരംഭിക്കുന്ന ഹോംനഴ്സിംഗ് പൂളിൽ പ്രവർത്തിക്കാൻ താത്പര്യമുള്ള വനിതകളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. 25നും 45 നും ഇടയിൽ പ്രായമുള്ള, എസ്എസ്എൽസി പാസായവരും പൂർണ ശാരീരിക ക്ഷമത ഉള്ളവരുമായിരിക്കണം അപേക്ഷകർ. വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചവർ, അവിവാഹിത സ്ത്രീകൾ എന്നിവർക്കും ബന്ധപ്പെട്ട മേഖലയിൽ പ്രവൃത്തി പരിചയമുള്ളവർക്കും മുൻഗണന. അപേക്ഷ ഒക്ടോബർ 10ന് വൈകീട്ട് മണിക്ക് മുമ്പായി കോഴിക്കോട് സിവിൽ സ്റ്റേഷനിലെ ജില്ലാ ശിശുവികസന ഓഫീസിൽ എത്തിക്കണം. ഫോൺ: 0495 2370225.

## കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

**കോഴിക്കോട്:** സംസ്ഥാന പട്ടികജാതി വികസന വകുപ്പിന്റെ സഹായത്തോടെ കെൽട്രോൺ നടത്തുന്ന വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് എസ്എസ്എൽസി, പ്ലസ്ടു, ഡിഗ്രി കഴിഞ്ഞ പട്ടികജാതി വിദ്യാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. മൂന്ന് മുതൽ നാലു മാസം വരെയുള്ള സൗജന്യ കോഴ്സുകളാണ്. വിവിധ ജില്ലകളിലെ കെൽട്രോൺ നോളജ് സെന്ററുകളിലാണ് പരിശീലനം.

നിബന്ധനകൾക്ക് വിധേയമായി പ്രതിമാസ സ്റ്റൈപ്പെൻഡും നൽകും. വിജയികളെ തൊഴിൽ സജ്ജരാക്കുന്നതിനൊപ്പം പ്ലേസ്മെൻറ് സഹായവും നൽകും. അപേക്ഷകൾ കെൽട്രോൺ നോളജ് സെന്റർ മൂന്നാം നില, അംബേദ്കർ ബിൽഡിംഗ്, റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ് കോഴിക്കോട് എന്ന വിലാസത്തിൽ ഒക്ടോബർ പത്തിനകം ലഭിക്കണം.

അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പുകളും ജാതി, വരുമാനം, എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റും ആധാർ കോപ്പിയും ഫോട്ടോയും ഹാജരാക്കണം. ഫോൺ: 04952301772, 999549396

# പീച്ചി മേഖലയിൽ സോളാർ തൂക്കുവേലി നിർമാണം പൂർത്തിയായി

**അതിരപ്പിള്ളി മേഖലയിൽ 108 കിലോമീറ്റർ സോളാർ തൂക്കുവേലി അടുത്ത മാസത്തോടെ**



**തൃശൂർ:** പീച്ചി വന്യമൃഗ സങ്കേതത്തിൽ നിന്ന് വാഴാനി, മച്ചാട് ഭാഗത്തേക്ക് ആന ഇറങ്ങുന്നത് തടയാൻ 1.6 കിലോമീറ്ററിൽ നിർമിച്ച തൂക്കുവേലിയുടെ നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചതായി വനം വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ അറിയിച്ചു. 14.5 ലക്ഷം രൂപ ചെലവിലാണ് ഹാംഗിഗ് സോളാർ ഫെൻസിംഗ് സ്ഥാപിച്ചിരിക്കുന്നത്. ഇതോടെ കുതിരാൻ മേഖലയിൽ ഉണ്ടാകാറുള്ള വന്യമൃഗശല്യം തടയാൻ ഒരു പരിധി വരെ സാധിക്കുമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി അറിയിച്ചു.

പുത്തൂർ സുവോളജിക്കൽ പാർക്കിൽ നടക്കുന്ന വന്യജീവി വാരാഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ചേർന്ന ആലോചനാ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. റവന്യൂ വകുപ്പ് മന്ത്രി കെ രാജനും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

അടുത്തമാസത്തോടെ ചാലക്കുടി, വാഴച്ചാൽ, അതിരപ്പിള്ളി മേഖലയിൽ 108 കിലോമീറ്റർ നീളത്തിൽ സോളാർ തൂക്കുവേലി നിർമിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായും മന്ത്രി അറിയിച്ചു. 1344.69 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതിക്കായുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഈ മേഖലയിലെ വന്യമൃഗ ശല്യം വലിയ അളവിൽ ലഘൂകരിക്കാൻ ഇതോടെ സാധിക്കും. നബാർഡിന്റെ സഹായത്തോടെ വടക്കാഞ്ചേരിയിൽ 120 ലക്ഷം രൂപ ചെലവിൽ സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസ് കം സ്റ്റാഫ് ക്വാർട്ടേഴ്സും പറവട്ടാനിയിൽ 1162.72 ലക്ഷം രൂപ ചെലവിൽ ഫോറസ്റ്റ് കോംപ്ലക്സിന്റെ നിർമാണവും ഉടൻ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

സംസ്ഥാനത്തെ ഏറ്റവും വലിയ വന്യജീവി സംരക്ഷണ കേന്ദ്രമായി പുത്തൂർ സുവോളജിക്കൽ പാർക്ക് മാറാൻ പോവുകയാണെന്നും മന്ത്രി പറഞ്ഞു. ഇത്തവണത്തെ വന്യജീവി വാരാഘോഷത്തിന്റെ സംസ്ഥാന ഉദ്ഘാടന വേദിയായ സുവോളജിക്കൽ പാർക്ക് തെരഞ്ഞെടുത്തതും അതുകൊണ്ടാണ്. തൃശൂർ മൃഗശാലയിൽ നിന്ന് ദേശീയ പക്ഷിയായ മയിലിനെ സുവോളജിക്കൽ പാർക്കിൽ എത്തിച്ചുകൊണ്ടിയാരിക്കും വാരാഘോഷ പരിപാടികൾക്ക് തുടക്കമാവുക. തൃശൂരിൽ നിന്നെത്തിക്കുന്ന മയിലിനെ മൃഗശാല മന്ത്രി കൂടിയായ ജെ ചിഞ്ചു റാണിയിൽ നിന്ന് സ്ഥലം എംഎൽഎ കൂടിയായ റവന്യൂ മന്ത്രി കെ രാജൻ ഏറ്റുവാങ്ങും. വാരാഘോഷ പരിപാടിയുടമായി ബന്ധപ്പെട്ട് പുത്തൂർ സുവോളജിക്കൽ പാർക്കിലെ കെഎസ്ഇബി സബ്സ്റ്റേഷൻ വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻ കുട്ടി ഉദ്ഘാടനം ചെയ്യും. വാരാഘോഷ പരിപാടികളുടെ സംസ്ഥാന തല ഉദ്ഘാടനത്തോടെ പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമാണം പൂർത്തീകരണത്തിലേക്കുള്ള കൗണ്ട്ഡൗൺ ആരംഭിക്കുകയാണെന്നും മന്ത്രി പറഞ്ഞു. ഉദ്ഘാടന പരിപാടി വൻ വിജയമാക്കുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായിക്കഴിഞ്ഞു. മൃശാലയിൽ നിന്നും മൃഗങ്ങളെ മാറ്റുന്ന പ്രവൃത്തി ആറു മാസത്തിനകം പൂർത്തിയാക്കുമെന്നും മന്ത്രി അറിയിച്ചു.

വാരാഘോഷവുമായി ബന്ധപ്പെട്ട് വന്യജീവി മേഖലയിലെ പ്രഗൽഭരായ ശാസ്ത്രജ്ഞരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ഒരു ദേശീയ സെമിനാർ ഒക്ടോബർ ആറിന് പീച്ചിയിൽ നടക്കും. മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനത്തിനകത്ത് എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാവും എന്ന വിഷയത്തിലാണ് സെമിനാർ സംഘടിപ്പിക്കുക. വനം, റവന്യൂ വകുപ്പ് മന്ത്രിമാരും സെമിനാർ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കും.

തൃശൂർ രാമനിലയത്തിൽ നടന്ന ആലോചനാ യോഗത്തിൽ സുവോളജിക്കൽ പാർക്ക് സ്പെഷ്യൽ ഓഫീസർ കെ ജെ വർഗീസ്, ഡയറക്ടർ ആർ കീർത്തി, സിസിഎഫ് കെ ആർ അനൂപ് തുടങ്ങിയവർ പങ്കെടുത്തു.

# സേതുസാഗർ 2 അറ്റകുറ്റപ്പണിക്ക് നീക്കി ; റോറോ ഒന്നു മാത്രം; യാത്രാക്ലേശം രൂക്ഷം




**എളങ്കുന്നപ്പുഴ:** വൈപ്പിൻ ഫോർട്ട്കൊച്ചി റൂട്ടിൽ റോറോ സേതുസാഗർ 2 സർവീസ് നിർത്തി. അറ്റകുറ്റപ്പണി നടത്തും വരെ ഒരു റോറോ മാത്രമാകും സർവീസ് നടത്തുക. ഇതോടെ യാത്രാക്ലേശം വീണ്ടും രൂക്ഷമായി. വാഹനങ്ങളുടെ വൻനിര വൈപ്പിനിലും ഫോർട്ട്കൊച്ചിയിലും മണിക്കൂറുകൾ കാത്തു കിടക്കുകയാണ്. വാഹനമില്ലാതെ ബസുകളിൽ എത്തുന്നവരും അക്കരെയിക്കരെ ഇറങ്ങാൻ വഴിയില്ലാതെ വലയുന്നു.

കൺട്രോൾ സിസ്റ്റം തകരാറിലായതിനെ തുടർന്നാണ് സേതുസാഗർ 2 സർവീസിൽ നിന്നു താൽക്കാലികമായി നീക്കിയത്. നെതർലാൻഡ് കമ്പനി നിർമിച്ച കൺട്രോൾ സിസ്റ്റം അറ്റകുറ്റപ്പണി ചെയ്യാൻ മുംബൈയിലെ ഫ്രാഞ്ചൈസി എത്തണം. അവർ പരിശോധിച്ചാലേ കൃത്യമായ വിവരം ലഭിക്കൂ. ഒരു റോറോ മാത്രം സർവീസ് നടത്തുമ്പോൾ വാഹന യാത്രികരല്ലാത്ത യാത്രക്കാർക്കായി ബോട്ട് സർവീസ് തുടങ്ങുമായിരുന്നു. ഫിറ്റ്നസ് കാലാവധി തീർന്നതിനാൽ ബോട്ട് പിൻവലിച്ചിരിക്കയാണ്. 2 റോറോയിൽ ഒന്നു തകരാറിലായി യാത്രാക്ലേശം പതിവായി മാറുകയാണ്. മൂന്നാമത് റോറോ നിർമിക്കാൻ സത്വര നടപടി സ്വീകരിക്കണമെന്നു റോറോ പാസഞ്ചേഴ്സ് അസോസിയേഷൻ ജന:കൺവീനർ ജോണി വൈപ്പിൻ ആവശ്യപ്പെട്ടു.




## ഒല്ലൂരിൽ ടൂറിസ്റ്റ് കോറിഡോർ എന്ന ആശയം വിപുലമായി നടപ്പിലാക്കും; മന്ത്രി കെ. രാജൻ

**തൃശൂർ:** പ്രതിവർഷം 30 ലക്ഷം വിനോദസഞ്ചാരികളെ പ്രതീക്ഷിക്കുന്ന പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് എത്തുന്ന സഞ്ചാരികളെ ആകർഷിച്ചുകൊണ്ട് ഒല്ലൂരിന്റേതായ ബ്രാൻഡ് വികസിപ്പിച്ചെടുക്കണമെന്ന് റവന്യൂ മന്ത്രി കെ. രാജൻ പറഞ്ഞു. ഒല്ലൂർ കൃഷി സമൃദ്ധി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ പൊതുയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. ഒല്ലൂർ മണ്ഡലത്തെ കേന്ദ്രീകരിച്ച് ടൂറിസ്റ്റ് കോറിഡോർ എന്ന ആശയം വിപുലമായി നടപ്പിലാക്കണമെന്നും മന്ത്രി പറഞ്ഞു.

ഒല്ലൂർ ബ്രാൻഡിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കണം. ഇവ മാർക്കറ്റ് ചെയ്യുന്നതിലൂടെ പതിനായിരക്കണക്കിനാളുകൾക്ക് തൊഴിൽ സാധ്യത ഉണ്ടാകും. ബ്രാൻഡ് വികസിപ്പിച്ചെടുക്കുന്ന കാര്യം ഒല്ലൂർ കൃഷി സമൃദ്ധി ഗൗരവമായി പരിഗണിക്കണമെന്നും മന്ത്രി പറഞ്ഞു. ഇതിനോടൊപ്പം എക്സിബിഷൻ സിറ്റിയെന്ന ആശയം അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ വിഭാവനം ചെയ്യുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഒല്ലൂർ കൃഷി സമൃദ്ധി ബോർഡ് മെമ്പർ ബിനോയ് പി.കെ സ്വാഗതം ആശംസിച്ച ചടങ്ങിൽ ചെയർമാൻ കനിഷ്കൻ കെ. വിൽസൺ അധ്യക്ഷത വഹിച്ചു. മാനേജിംഗ് ഡയറക്ടർ എം.എസ് പ്രദീപ് കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ രവി, ജില്ലാ പഞ്ചായത്ത് അംഗം കെ.വി സജു, എ.ഡി.എ സത്യവർമ്മ പി.സി, കൃഷി സമൃദ്ധി അംഗം ശൈലജ ദാസ് തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാന അവാർഡ് ജേതാവായ അംബിക സോമസുന്ദരനെ ചടങ്ങിൽ മന്ത്രി ആദരിച്ചു.

## സംസ്ഥാന സ്കൂൾ കായികോത്സവത്തിനൊരുങ്ങി കുന്നംകുളം

**തൃശൂർ:** കുന്നംകുളം ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ ഫോർ ബോയ്സിൽ ഒക്ടോബർ 16 മുതൽ 20 വരെ നടക്കുന്ന അറുപത്തിയഞ്ചാമത് സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ മികച്ച നടത്തിപ്പിനായി വിപുലമായ സംഘാടക സമിതി രൂപീകരിച്ചു. മന്ത്രി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

കായിക രംഗത്ത് സംസ്ഥാനത്ത് അറിയപ്പെടുന്ന കേന്ദ്രമായി കുന്നംകുളം മാറിയെന്നും സംസ്ഥാന സ്കൂൾ കായികോത്സവം ചരിത്ര സംഭവമായി മാറ്റാൻ കുന്നംകുളത്തിന് കഴിയുമെന്നും മന്ത്രി രാധാകൃഷ്ണൻ പറഞ്ഞു.

അക്കാദമിക് എഡിപിഐ എം.കെ ഷൈൻ മോൻ സംഘാടക സമിതി ഘടന യോഗത്തിൽ അവതരിപ്പിച്ചു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ വി. ശിവൻ കുട്ടി, കെ. രാധാകൃഷ്ണൻ, ഡോ. ആർ. ബിന്ദു, കെ. രാജൻ, വി. അബ്ദു റഹ്മാൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ എന്നിവർ മുഖ്യ രക്ഷാധികാരികളായും എം.പിമാർ തൃശ്ശൂർ ജില്ലയിലെ എം.എൽ.എമാർ കോർപ്പറേഷൻ മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വിവിധ വകുപ്പ് മേലാധികാരികൾ രക്ഷാധികാരികളായും കമ്മിറ്റി രൂപീകരിച്ചു. എ.സി മൊയ്തീൻ എം.എൽ.എ സംഘാടക സമിതി ചെയർമാനും പൊതു വിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാനവാസ് പ്രസിഡന്റായും അക്കാദമിക് എ.ഡി.പി.ഐ എം.കെ ഷൈൻ മോൻ വൈസ് പ്രസിഡന്റായും യോഗം തെരഞ്ഞെടുത്തു.

കുന്നംകുളം ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഫോർ ബോയ്സ് ഓഡിറ്റോറിയത്തിൽ നടന്ന സംഘാടക സമിതി രൂപീകരണയോഗത്തിൽ എ.സി മൊയ്തീൻ എം.എൽ.എ അധ്യക്ഷനായി. ഇ.ടി ടൈസൺ മാസ്റ്റർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ ഡേവിസ് മാസ്റ്റർ, കുന്നംകുളം നഗരസഭ ചെയർപേഴ്സൺ സീത രവീന്ദ്രൻ, പൊതു വിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാനവാസ്, തൃശൂർ ഡി.ഡി.ഇ.ഡി ഷാജി മോൻ പഞ്ചായത്ത് പ്രസിഡന്റുമാർ, വാർഡ് കൗൺസിലർ ബിജു സി. ബേബി, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, ജനപ്രതിനിധികൾ, തുടങ്ങിയവർ പങ്കെടുത്തു. 20 വർഷത്തെ ഇടവേളയ്ക്ക് ശേഷം തൃശ്ശൂർ ജില്ലയിൽ നടക്കുന്ന കായികോത്സവത്തിൽ 98 ഇനങ്ങളിലായി സബ്ബ് ജൂനിയർ, ജൂനിയർ, സീനിയർ (ആൺ/പെൺ) വിഭാഗങ്ങളിലായി 3000ത്തോളം കായികതാരങ്ങളും, 350 ഓഫീഷ്യൽസും 200 എസ്കോർട്ടിംഗ് ഒഫീഷ്യൽസും പങ്കെടുക്കും.



# നിക്ഷേപ ചർച്ചയിൽ ബന്ധം ദൃഢമാക്കി ഇന്ത്യയും സൗദി അറേബ്യയും

**ന്യൂഡൽഹി:** ന്യൂഡൽഹിയിൽ നടന്ന ജി20 ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇന്ത്യയിൽ എത്തിയ സൗദി അറേബ്യയുടെ പ്രധാന മന്ത്രിയും, കിരീടാവകാശിയുമായ മുഹമ്മദ് ബിൻ സൽമാന്റെ നേതൃത്വത്തിൽ നടന്ന ഇന്ത്യസൗദി ഇൻവെസ്റ്റ്മെന്റ് ഫോറം 2023ൽ പങ്കെടുത്തത് ഇരു രാജ്യങ്ങളിൽ നിന്നുമുള്ള അഞ്ഞൂറിലധികം കമ്പനികൾ. ഇരു രാജ്യങ്ങളും തമ്മിലുള്ള ആദ്യ ഔപചാരിക നിക്ഷേപ ചർച്ച കൂടിയാണിത്.ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏകദേശം 100 ബില്യൺ ഡോളറിന്റെ നിക്ഷേപം നടത്തുമെന്ന് സൗദി കിരീടാവകാശി മുൻപ് പ്രഖ്യാപിച്ചിരുന്നു. 2019 ഫെബ്രുവരിയിൽ നടത്തിയ ഇന്ത്യ സന്ദർശന വേളയിലാണ് ഇക്കാര്യം അറിയിച്ചത്. 2000 ഏപ്രിൽ മുതൽ 2023 ജൂൺ വരെ ഇന്ത്യയിൽ സൗദിയുടെ നിക്ഷേപം 3.22 ബില്യൺ ഡോളറാണ്. ഫിക്കി മിഡിൽ ഈസ്റ്റ് കൗൺസിലിന്റെ കോ ചെയർ കൂടിയായ ഇറാം ഗ്രൂപ്പിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. സിദ്ദീഖ് അഹമ്മദും സൗദി ഇൻഡോ പ്രതിനിധി സംഘത്തിൽ ഉൾപ്പെട്ടിരുന്നു.

ഇറാം ഗ്രൂപ്പും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (ബെൽ) സംയുക്തമായി സൗദിയിൽ ഇലക്ട്രോണിക് മേഖലകളിൽ കൂടുതൽ നിക്ഷേപം നടത്താനുള്ള താല്പര്യ പത്രത്തിൽ ഒപ്പുവെച്ചു. ഇന്ത്യൻ പ്രസിഡന്റ് സൗദി അറേബ്യയുടെ പ്രധാന മന്ത്രിയും, കിരീടാവകാശിയുമായ മുഹമ്മദ് ബിൻ സൽമാന് നൽകിയ അത്താഴ വിരുന്നിൽ പങ്കെടുക്കാനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഇറാം ഗ്രൂപ്പിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. സിദ്ദീഖ് അഹമ്മദ് അടങ്ങുന്ന സംഘം അഭിവാദ്യം ചെയ്തു.

# ഇന്ത്യൻ ഓയിൽ മോട്ടോജിപി ഭാരത് 2023 സമാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ എണ്ണവാതക കമ്പനികളിലൊന്നായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് ടൈറ്റിൽ സ്പോൺസറായ ഗ്രേറ്റർ നോയിഡയിലെ ബുദ്ധ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടന്ന ഇന്ത്യൻ ഓയിൽ ഗ്രാൻഡ് പ്രിക്സ് ഓഫ് ഇന്ത്യ മോട്ടോജിപി ഭാരത് 2023നു ആവേശകരമായ സമാപനം.

200 രാജ്യങ്ങളിൽ തത്സമയം സംപ്രേക്ഷണം ചെയ്യപ്പെടുന്ന, 450 ദശലക്ഷം വീടുകളിൽ ആഗോളതലത്തിൽ എത്തിച്ചേരുന്ന, ലോകത്ത് ഏറ്റവുമധികം ആളുകൾ കാണുന്ന രണ്ടാമത്തെ മോട്ടോർസ്പോർട്ട് ഇവന്റാണ് മോട്ടോജിപി.16 ലാപ്പുകളുള്ള മോട്ടോ3, 18 ലാപ്പുകളുള്ള മോട്ടോ2, 21 ലാപ്പുകളുള്ള മോട്ടോജിപി എന്നീ റേസുകളായിരുന്നു ഇന്ത്യൻ ഓയിൽ മോട്ടോജിപി ഭാരത് 2023ൽ ഉണ്ടായിരുന്നത്. 36 മിനിറ്റ് 59.157 സെക്കൻഡിൽ ഫിനിഷ് ചെയ്ത് മൂണി ഢഞ46 ഡുകാറ്റി ടീമിൽ നിന്നുള്ള മാർക്കോ ബെസെച്ചി മോട്ടോജിപി ഇന്ത്യൻ ലെഗിൽ ചാമ്പ്യനായി. 100,000ത്തിലധികം ആളുകൾ സർക്യൂട്ടിലും ദശലക്ഷക്കണക്കിന് ആളുകൾ ടിവി, സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിലൂടെയും ഇന്ത്യൻ റൌണ്ട് കണ്ടു. വാം അപ് സെഷനുകളും റൈഡർ ഫാൻ പരേഡും മാറ്റ്കൂട്ടിയ പ്രീ സെഷനിൽ ബോളിവുഡ് നടനും സർവോ ബ്രാൻഡ് അംബാസഡറുമായ ജോൺ എബ്രഹാം തന്റെ ഡുകാറ്റിയുമായി റേസ് ട്രാക്കിലിറങ്ങിയത് ആരാധകരെ ത്രസിപ്പിച്ചു.ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, പെട്രോളിയം, പ്രകൃതിവാതകം, ഭവന, നഗരകാര്യ മന്ത്രി ഹർദീപ് സിംഗ് പുരി, യൂത്ത് അഫയേഴ്സ് ആൻഡ് സ്പോർട്സ് മന്ത്രി ശ്രീ അനുരാഗ് താക്കൂർ, ബഹുമാനപ്പെട്ട കേന്ദ്ര പെട്രോളിയം, പ്രകൃതി വാതകം, തൊഴിൽ വകുപ്പ് സഹമന്ത്രി ശ്രീ രാമേശ്വർ തേലി, എംഒപിഎൻജി സെക്രട്ടറി ശ്രീ പങ്കജ് ജെയിൻ, ഇന്ത്യൻ ഓയിൽ ചെയർമാൻ ശ്രീ എസ് എം വൈദ്യ, ഇന്ത്യൻ ഓയിൽ മാർക്കറ്റിംഗ് ഡയറക്ടർ ശ്രീ വി സതീഷ് കുമാർ, സെലിബ്രിറ്റിയും സെർവോയുടെ ബ്രാൻഡ് അംബാസഡറുമായ ശ്രീ ജോൺ എബ്രഹാം, ഇന്ത്യൻ ഓയിലിലെയും മോട്ടോജിപിയിലെയും മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.




# ആവേശമായി ഡി.എൽ.ടി ലെഡ്ജേഴ്സ് കോവളം മാരത്തോൺ

**കോവളം:** തലസ്ഥാന നഗരിയെ ആവേശത്തിലാഴ്ത്തി ഡി.എൽ.ടി ലെഡ്ജേഴ്സ് കോവളം മാരത്തോൺ 2023. സമുദ്ര സംരക്ഷണത്തെ കുറിച്ചും ആരോഗ്യത്തോടെയുള്ള ജീവിതത്തെ കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കാൻ ലക്ഷ്യമിട്ട് യംഗ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്റർ സംഘടിപ്പിച്ച മാരത്തോണിൽ പങ്കെടുത്തത് ആയിരക്കണക്കിന് പേരായിരുന്നു.

എം. വിൻസന്റ് എം.എൽ.എ, സിറ്റി പൊലീസ് കമ്മീഷണർ നാഗരാജു , ഇന്റലിജൻസ് ഐ.ജി ശ്യാം സുന്ദർ തുടങ്ങിയവർ മുഖ്യാതിഥികളായി. കോവളം ഗ്രോവ് ബീച്ചിൽ നിന്ന് ആരംഭിച്ച മാരത്തോൺ എയർഫോഴ്സ് തിരുവനന്തപുരം സ്റ്റേഷൻ കമാന്റർ ഗ്രൂപ്പ് ക്യാപ്റ്റൻ സൗരഭ് ശിവ ഫ് ളാഗ് ഓഫ് ചെയ്തു. അഞ്ച് കിലോമീറ്റർ വിഭാഗത്തിലും അദ്ദേഹം പങ്കെടുത്തു. ഫുൾ മാരത്തോൺ (42.2 കി.മീറ്റർ), ഹാഫ് മാരത്തോൺ (21.1 കി.മീറ്റർ), 10കെ റൺ (10 കി.മീറ്റർ), ഫൺ റൺ (അഞ്ച് കി.മീറ്റർ), കോർപ്പറേറ്റ് റിലേ (അഞ്ച് കി.മീറ്റർ) എന്നീ ഇനങ്ങളിലായി ആയിരക്കണക്കിന് പേരായിരുന്നു പങ്കു ചേർന്നത്. എ.ഐ.എം.എസ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തിയ തലസ്ഥാന നഗരിയിലെ ആദ്യത്തെ ഫുൾ മാരത്തോൺ എന്ന പ്രത്യേകതയും കോവളം മാരത്തോണിനാണ്.

കാലാവസ്ഥ വ്യതിയാനവും മലിനീകരണവും മൂലം കടലിന്റെ സ്വാഭാവികത നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു സന്നദ്ധ സംഘടനയായ യംഗ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്ററിന്റെ നേതൃത്വത്തിൽ മാരത്തോൺ സംഘടിപ്പിച്ചത്. ആരോഗ്യക്ഷമത ഉറപ്പുവരുത്തി ജീവിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സമൂഹത്തിന് അവബോധം സൃഷ്ടിക്കുക എന്നതും ലക്ഷ്യമായിരുന്നു.വിജയികൾക്ക് മെമന്റോകളും മാരത്തോൺ പൂർത്തിയാക്കിയ മുഴുവൻ പേർക്കും മെഡലുകളും സമ്മാനിച്ചു. ഫുൾ, ഹാഫ് മാരത്തോണുകളിലും 10 കെ റണ്ണിലും ഫിനിഷിംഗ് സമയം കൃത്യമായി ട്രാക്ക് ചെയ്യുന്നതിനായി ആർ.എഫ്.ഐ.ഡി. ചിപ്പുകൾ ഘടിപ്പിച്ച ബിബുകൾ നൽകിയിരുന്നു.ഫുൾ മാരത്തോണിൽ പുരുഷ വിഭാഗത്തിൽ ദീപു എസ് നായരും വനിത വിഭാഗത്തിൽ ബി. പാർവതിയുമായിരുന്നു ആദ്യ സ്ഥാനങ്ങളിലെത്തിയത്.

ദീപു മൂന്ന് മണിക്കൂറും 17 മിനുറ്റും 59 സെക്കന്റും എടുത്തപ്പോൾ അഞ്ച് മണിക്കൂറും 26 മിനുറ്റും 36 സെക്കന്റും കൊണ്ടായിരുന്നു പാർവതി ഫിനിഷ് ചെയ്തത്.ഫാഫ് മാരത്തോണിൽ ഒന്നാമതെത്തിയ പുരുഷ വിഭാഗത്തിൽ രാജേഷ് മാളവ്യയും (01:21:17) ബിബ് നൂപുർ ഗുപ്തയുമാരുന്നു (02:06:43) ആദ്യമെത്തിയത്. 10 കെ വിഭാഗത്തിൽ 43 മിനുട്ടും 35 സെക്കന്റുമായി അശ്വിൻ ദാസ് പുരുഷ വിഭാഗത്തിലും പരാഗി സേത്ത് 55 മിനുട്ടും 58 സെക്കന്റുമെടുത്ത് വനിത വിഭാഗത്തിലും ഒന്നാമതെത്തി.

## ടാറ്റ ഹിറ്റാച്ചി പുതിയ രണ്ടു എക്സ്കവേഷൻ മെഷീനുകൾ പുറത്തിറക്കി



**കൊച്ചി:** ടാറ്റ ഹിറ്റാച്ചി തങ്ങളുടെ ഏറ്റവും പുതിയ മെഷീനുകളായ EX 130 PRIME, ZAXI-S 140H ULT-RA എന്നിവ പുറത്തിറക്കി. ടാറ്റ ഹിറ്റാച്ചിയുടെ സീനിയർ മാനേജ്മെന്റിന്റെയും ഡീലർ പാർട്ണർമാരുടെയും സാന്നിധ്യത്തിൽ കർണാടകയിലെ ധാർവാഡിലുള്ള ടാറ്റാ ഹിറ്റാച്ചിയുടെ പ്ലാന്റിൽ നടന്ന ചടങ്ങിലാണ് ഈ രണ്ടു മെഷീനുകൾ പുറത്തിറക്കിയത്. കൃത്യതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഇന്റലിജന്റ് കൺട്രോളുകളും ഹിറ്റാച്ചിയുടെ ഹൈഡ്രോളിക് സാങ്കേതികവിദ്യയും ഉൾകൊള്ളിച്ചുകൊണ്ടുള്ളതാണ് പുതിയ മെഷീനുകൾ. വിശ്വസനീയമായ എഞ്ചിനുകളും ഉയർന്ന ബക്കറ്റ് ശേഷിയും ഈ മെഷീനുകൾ നിർമ്മാണ സൈറ്റുകളിൽ ഉള്ളതിനാൽ മെച്ചപ്പെട്ട ഉൽപ്പാദനക്ഷമത ഉറപ്പുനൽകുന്നു. ഈ നൂതനമായ ഉത്ഖനന ഉപകരണങ്ങൾ അവയുടെ മികച്ച പ്രകടനം, മെച്ചപ്പെടുത്തിയ കാര്യക്ഷമത, നൂതന സവിശേഷതകൾ എന്നിവ ഉപയോഗിച്ച് നിർമ്മാണ വ്യവസായത്തിൽ വിപ്ലവം സൃഷ്ടിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു.

ടാറ്റ ഹിറ്റാച്ചിയിൽ, ഞങ്ങളുടെ ഉപഭോക്താക്കൾക്ക് അവരുടെ ലക്ഷ്യങ്ങൾ കാര്യക്ഷമമായി കൈവരിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന അത്യാധുനിക ഉപകരണങ്ങൾ നൽകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. EX 130 PRIME, ZAXI-S 140H ULT-RA എന്നിവ രണ്ട് മെഷീനുകളും വിശ്വാസ്യത, കഴിവ് എന്നിവയ്ക്കുള്ള ഞങ്ങളുടെ അർപ്പണബോധത്തെ ഉൾക്കൊള്ളുന്നു. നിർമ്മാണ ഉപകരണ വ്യവസായത്തിലെ മികവിനുള്ള ഞങ്ങളുടെ അശ്രാന്ത പരിശ്രമത്തിന്റെ തെളിവാണ്. പ്രകടനം, സുരക്ഷ, സുസ്ഥിരത എന്നിവയ്ക്കായി പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുമെന്നും ഞങ്ങൾക്ക് ഉറപ്പുണ്ട്. ധാർവാഡിൽ നടന്ന ലോഞ്ച് ചടങ്ങിൽ ടാറ്റ ഹിറ്റാച്ചി മാനേജിംഗ് ഡയറക്ടർ സന്ദീപ് സിംഗ് പറഞ്ഞു.




## ന്യൂറോ എൻഡോസ്കോപ്പി സർജറി

# കേരളത്തിലെ ആദ്യ അഡ്വാൻസ്ഡ് സെന്റർ കൊച്ചി അമൃത ഹോസ്പിറ്റലിൽ

**കൊച്ചി** :എൻഡോസ്കോപ്പി ന്യൂറോ സർജറി രംഗത്ത് നിർണായക കാൽവെയ്പുമായി കേരളത്തിലെ ആദ്യ അഡ്വാൻസ്ഡ് ന്യൂറോ എൻഡോസ്കോപ്പി സെന്റർ, അമൃത സെന്റർ ഫോർ ന്യൂറോ എൻഡോസ്കോപ്പി (എ സി എൻ ഇ) കൊച്ചി അമൃത ആശുപത്രിയിൽ ആരംഭിച്ചു. ന്യൂറോ സർജിക്കൽ എൻഡോസ്കോപ്പി ഏറെക്കാലമായി ലഭ്യമായിരുന്നെങ്കിലും അമൃത ആശുപത്രി അന്താരാഷ്ട്ര നിലവാരം കൈവരിക്കുന്നതിനും പുതിയ പുരോഗതി കൈവരിക്കുന്നതിലുമുള്ള തുടർച്ചയായ പരിശ്രമത്തിലായിരുന്നുവെന്ന് അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ വാർത്താ സമ്മേലനത്തിൽ പറഞ്ഞു.വിദഗ്ധരുടെ മേൽനോട്ടത്തിൽ സ്കൾ ബേസ്ഡ് എൻഡോസ്കോപ്പി, ക്രാനിയൽ എൻഡോസ്കോപ്പി, സ്പൈൻ എൻഡോസ്കോപ്പി, റോബോട്ടിക് എൻഡോസ്കോപ്പി, പീഡിയാട്രിക് എൻഡോസ്കോപ്പി എന്നിങ്ങനെയുള്ള പ്രത്യേക വിഭാഗങ്ങളായി ഇത് വ്യാപിപ്പിച്ചിട്ടുണ്ട്. ഇത്തരം സ്പെഷ്യലൈസേഷൻ ഓരോ വിഭാഗങ്ങളിലും ഫലപ്രദമായ ചികിത്സ രോഗികൾക്ക് നൽകി വരികയും ചെയ്തുവരുന്നു.

ന്യൂറോ സർജറി വിഭാഗം, ഇഎൻടി, ഹെഡ് ആൻഡ് നെക്ക് എന്നീ വിഭാഗങ്ങൾ തമ്മിലുള്ള സഹകരണം എൻഡോസ്കോപ്പി വഴി ചികിത്സിക്കുന്ന മസ്തിഷ്കത്തിന്റെയും തലയുടെയും കഴുത്തിന്റെയും തകരാറുകൾക്ക് മികച്ച പരിചരണം സാധ്യമാക്കും. അമൃത ഹോസ്പിറ്റൽ കൊച്ചിയുടെ അഡ്വാൻസ്ഡ് ന്യൂറോ എൻഡോസ്കോപ്പി സെന്റർ, ന്യൂറോ സർജറി മേഖലയിലെ വലിയ ഒരു നാഴികക്കല്ലിനാണ് തുടക്കമിട്ടിരിക്കുന്നതെന്നും, ലോകോത്തര നിലവാരമുള്ള ചികിത്സ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കാൻ പ്രതിജ്ഞാബദ്ധമായ അമൃതയുടെ എക്കാലത്തെയും പരിശ്രമങ്ങളിൽ അടുത്തതാണ് ഈ സെന്റർ എന്നും ഡോ. പ്രേം നായർ പറഞ്ഞു. തെക്കുകിഴക്കൻ ഏഷ്യയിൽ റോബോട്ടിക് എൻഡോസ്കോപ്പിക്ക് തുടക്കമിട്ടത് അമൃതയാണ്.

വിജയകരമായ 250ലധികം ക്രേനിയൽ എൻഡോസ്കോപ്പിക് പ്രോസിജർസ് പൂർത്തിയാക്കുകയും ഉയർന്ന നിലവാരത്തിലുള്ള ന്യൂറോ സർജിക്കൽ കെയർ നടപ്പിലാക്കാൻ കഴിയുകയും ചെയ്തതായും അദ്ദേഹം കൂട്ടിച്ചേർത്തു. അഡ്വാൻസ്ഡ് ന്യൂറോ എൻഡോസ്കോപ്പിയുടെ ഗുണങ്ങൾ ബഹുമുഖമാണ്. മുമ്പ് തലയോട്ടി തുറന്ന് ചെയ്യേണ്ടി വന്നിരുന്ന സങ്കീർണ്ണ സാഹചര്യങ്ങളിൽ നിന്നും ഇപ്പോൾ താരതമ്യേന ലളിതമായി ചെയ്യാൻ സാധിക്കുന്നുവെന്ന് അമൃത ഹോസ്പിറ്റൽസ് ന്യൂറോ സർജറി മേധാവി ഡോ.സജേഷ് കെ മേനോൻ ചൂണ്ടിക്കാട്ടി. ഇത് നട്ടെല്ല് സംബന്ധിച്ച അസുഖങ്ങൾക്കും ഫലപ്രദമാണ് . ഈ ചികിത്സാരീതിയിലൂടെ ചെറിയ മുറിവുകൾമാത്രമാണ് ഉണ്ടാവുക, അത് വേഗം സുഖപ്പെടാനും സഹായിക്കുന്നു . ഇത്തരത്തിലുള്ള ചികിത്സയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് അണുബാധയ്ക്കുള്ള സാധ്യത കുറയുകയും കൂടുതൽ സുരക്ഷ നൽകുകയും ചെയ്യുന്നു. ഒട്ടുമിക്ക രോഗികൾക്കും ശസ്ത്രക്രിയയുടെ അതേ ദിവസം തന്നെ ആശുപത്രി വിടാൻ കഴിയും.

ഇത് ആശുപത്രിയിൽ കഴിയേണ്ട സമയവും അനുബന്ധ ചെലവുകളും കുറയ്ക്കുന്നു. നൂതനവും സങ്കീർണവുമായ വൈദ്യസഹായം ആവശ്യമായ രോഗികൾക്ക് ഈ നൂതന സാങ്കേതിക വിദ്യകൾ ചെലവ് കുറഞ്ഞ പരിഹാര മാർഗ്ഗം വാഗ്ദാനം ചെയ്യുന്നു. രൂപാന്തര സാധ്യതയുള്ള ശസ്ത്രക്രിയകൾക്കും ഈ ചികിത്സാരീതി അവലംബിക്കാൻ തങ്ങൾ ലക്ഷ്യമിടുന്നുവെന്നും ഡോ.സജേഷ് കെ മേനോൻ കൂട്ടിച്ചേർത്തു. ന്യൂറോ സർജൻ ഡോ.അയ്യാദുരൈ, പീഡിയാട്രിക് ന്യൂറോ സർജൻ ഡോ. സുഹാസ് ഉദയകുമാരൻ, ന്യൂറോ സർജൻ ഡോ. ഡാൽവിൻ തോമസ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു

## ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ്ങ് അവാർഡ്:അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** മാനവികതയ്ക്കും ആരോഗ്യ പരിചരണ സമൂഹത്തിനും നേഴ്സുമാർ നൽകിയ സേവനത്തെ അംഗീകരിക്കുന്നതിന്റെ ഭാഗമായി ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ, ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ്ങ് അവാർഡിന്റെ മൂന്നാം പതിപ്പ് പ്രഖ്യാപിച്ചു. ലോകമെമ്പാടുമുള്ള രജിസ്റ്റേഡ് നഴ്സുമാർക്ക് www.asterguardians.com ലൂടെ നാമനിർദ്ദേശം സമർപ്പിച്ചുകൊണ്ട് അപേക്ഷ നൽകാം.നേഴ്സുമാർക്ക് ഒരു പ്രൈമറി മേഖലയിലും, രണ്ട് സെക്കണ്ടറി മേഖലകളിലും വരെ അപേക്ഷിക്കാം. പേഷ്യന്റ് കെയർ, നഴ്സിങ്ങ് ലീഡർഷിപ്പ്, നഴ്സിങ്ങ് എഡ്യൂക്കേഷൻ, സോഷ്യൽ അല്ലെങ്കിൽ കമ്മ്യൂണിറ്റി സർവീസ്, റിസർച്ച്, ഇന്നൊവേഷൻ, ആരോഗ്യ പരിചരണ മേഖലയിലെ സംരംഭകത്വം എന്നിവയാണ് സെക്കണ്ടറി മേഖലകൾ. സെക്കണ്ടറി മേഖലയിലെ സംഭാവനകളെക്കുറിച്ച് സൂചിപ്പിക്കുന്നത് ഒപ്ഷനലാണ്.ലഭിച്ച എല്ലാ അപേക്ഷകളും ഒരു സ്വതന്ത്ര ജൂറിയുടെയും ബാഹ്യ ഉപദേശക സ്ഥാപനമായ ഏണസ്റ്റ് & യംഗ് LLP യും നേതൃത്വം നൽകുന്ന കർശനമായ അവലോകന പ്രക്രിയയ്ക്ക് വിധേയമാക്കും. പ്രഗൽഭരും, വിദഗ്ധരുമായ ഒരു സ്വതന്ത്ര പാനൽ അടങ്ങുന്ന ഗ്രാൻഡ് ജൂറി ലഭിച്ച അപേക്ഷകൾ അവലോകനം നടത്തി അതിൽ നിന്നും മികച്ച 10 പേരെ തിരഞ്ഞെടുത്ത് ഷോർട്ട് ലിസ്റ്റ് ചെയ്യും. കൂടുതൽ അവലോകനങ്ങൾക്ക് ശേഷം അന്താരാഷ്ട്ര നഴ്സസ് ദിനത്തോടനുബന്ധിച്ച് 2024 മെയ് മാസത്തിൽ ഇതിൽ നിന്നും അന്തിമ വിജയിയെ നിർണ്ണയിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യും.വിജയിക്ക് ലഭിക്കുക 250,000 യുഎസ് ഡോളർ സമ്മാനത്തുകയുള്ള പുരസ്ക്കാരംആഗോള നഴ്സിങ്ങ് സമൂഹത്തിന്റെ സേവനങ്ങളെ മികച്ച രീതിയിൽ അംഗീകരിക്കുന്ന ഏറ്റവും ഉയർന്ന സമ്മാനത്തുകയുള്ള മുൻനിര അവാർഡുകളിലൊന്നായി ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ്ങ് അവാർഡ് ഉയർന്നുവന്നിരിക്കുകയാണെന്ന് ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. നേതൃത്വം, നവീകരണം, കമ്മ്യൂണിറ്റി സേവനം, പരിചരണം, വിദ്യാഭ്യാസം എന്നിവയുടെ സന്ദേശം മുന്നോട്ടുവെച്ച ഒന്നും രണ്ടും പതിപ്പുകളുടെ വിജയത്തിന് ശേഷം നഴ്സുമാരുടെ ശബ്ദം ഉയർത്തിപ്പിടിക്കുന്നത് തുടരാനും അവർക്ക് അർഹമായ അംഗീകാരം നേടാൻ സഹായിക്കാനും എന്നും മുന്നിലുണ്ടാകുമെന്നും ഡോ. ആസാദ് മൂപ്പൻ കൂട്ടിച്ചേർത്തു.2022 മെയ് മാസത്തിൽ ദുബായിൽ നടന്ന അവാർഡിന്റെ ആദ്യ പതിപ്പിൽ കെനിയയിൽ നിന്നുള്ള നഴ്സ് അന്ന ഖബാലെ ദുബെയാണ് അവാർഡ് നേടിയത്. മോണോജെനിക് ഡയബറ്റിസ് രംഗത്തെ പ്രഗൽഭയായ നഴ്സായ യുകെയിൽ നിന്നുള്ള മാർഗരറ്റ് ഹെലൻ ഷെപ്പേർഡ്, 2023 മെയ് 12 ന് രണ്ടാം എഡിഷനിൽ വിജയിയായി തിരഞ്ഞെടുക്കപ്പെട്ടു.

## സീ എൻറർടൈൻമെൻറ് ഫ്രീവ്യൂ കണക്റ്റഡിലൂടെ യുകെയിൽ നാലു ചാനലുകൾ അവതരിപ്പിച്ചു

**കൊച്ചി:** സീ എൻറർടൈൻമെൻറ് യുകെയിൽ ഫ്രീവ്യൂ കണക്റ്റഡിലൂടെ നാലു ചാനലുകൾ അവതരിപ്പിച്ചു. ഫ്രീവ്യൂ കണക്റ്റഡ് ചാനൽ നമ്പർ 278 വഴി സെസ്റ്റ്, സിങ്, സീ വേൾഡ്, സീ പഞ്ചാബി എന്നീ നാല് ചാനലുകൾ ഇപ്പോൾ പ്രേക്ഷകർക്ക് ലഭിക്കും.സീ സെസ്റ്റിലൂടെ ലൈഫ്സ്റ്റൈൽ, ഫുഡ് ഷോകൾ കാണാനാകും. സിങ് ഏറ്റവും പുതിയ മ്യൂസിക്, ബോളിവുഡ്, യൂത്ത് കൾച്ചർ തുടങ്ങിയവ പ്രേക്ഷകർക്ക് മുന്നിലെത്തിക്കും. സീ വേൾഡ് തെരഞ്ഞെടുത്ത ഡ്രാമാ പരമ്പരകളും ടെലിനോവലുകളും ഇംഗ്ലീഷിൽ ഡബ്ബു ചെയ്ത് അവതരിപ്പിക്കും. സീ പഞ്ചാബി പഞ്ചാബി സംസാരിക്കുന്നവർക്കായി കലാ, വിനോദ പരിപാടികളുമായാണ് എത്തുന്നത്.പ്രേക്ഷകർക്ക് ഏറ്റവും മികച്ച വിനോദം പ്രദാനം ചെയ്യാനാണ് സീ എൻറർടൈൻമെൻറ് ശ്രമിക്കുന്നതെന്ന് കണ്ടൻറ് ആൻറ് ഇൻറർനാഷണൽ മാർക്കറ്റ്സ് വിഭാഗം പ്രസിഡൻറ് പുനീത് മിശ്ര പറഞ്ഞു. യുകെയിൽ കൂടുതൽ വിപുലമായ പ്രേക്ഷകരിലേക്ക് എത്താനുള്ള നീക്കത്തിലെ നിർണായക ചുവടു വെപ്പാണ് ഈ ചാനലുകളുടെ അവതരണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സീ എൻറർടൈൻമെൻറിനെ സംബന്ധിച്ച് യുകെ എന്നും സുപ്രധാന വിപണിയാണെന്ന് സീ ഇൻറർനാഷണൽ ബിസിനസ് ചീഫ് ബിസിനസ് ഓഫിസർ അശോക് നമ്പൂതിരി പറഞ്ഞു. ആഗോള വ്യാപകമായി പ്രേക്ഷകർക്ക് തങ്ങളുടെ പരിപാടികൾ ലഭ്യമാക്കാനുള്ള തങ്ങളുടെ കാഴ്ചപ്പാടിനോടു ചേർന്നു പോകുന്നതാണ് ഫ്രീവ്യൂമായുള്ള ഈ പങ്കാളിത്തമെന്നും അദ്ദേഹം പറഞ്ഞു.



## ടാറ്റ മോട്ടോഴ്സിന്റെ മൂന്നാമത്തെ വെഹിക്കിൾ സ്ക്രാപ്പിംഗ് കേന്ദ്രം പ്രവർത്തനം ആരംഭിച്ചു

**സൂറത്ത്:** ടാറ്റ മോട്ടോഴ്സിന്റെ രാജ്യത്തെ മൂന്നാമത്തെ രജിസ്റ്റേർട് വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റി (ആർവിഎസ്എഫ്) സൂറത്തിൽ പ്രവർത്തനം ആരംഭിച്ചു.

റീസൈക്കിൾ വിത്ത് റെസ്പെക്റ്റ് എന്ന് പേരിട്ടിരിക്കുന്ന സ്ക്രാപ്പിംഗ് കേന്ദ്രത്തിൽ അത്യാധുനിക പരിസ്ഥിതി സൗഹൃദ പ്രക്രിയകളിലൂടെയാണ് വാഹനങ്ങൾ പൊളിക്കുന്നത്. പ്രതിവർഷം 15,000 വാഹനങ്ങൾ വരെ ഉൾകൊള്ളൻ സാധിക്കുന്ന കേന്ദ്രം ടാറ്റ മോട്ടോഴ്സ് ഗ്രൂപ്പ് ചീഫ് ഫിനാൻഷ്യൽ ഓഫീസർ, പി.ബി ബാലാജി ഉദ്ഘാടനം ചെയ്തു.അമ്പിക ഓട്ടോ പങ്കാളികളായി ടാറ്റ മോട്ടോഴ്സ് തന്നെ വികസിപ്പിച്ചെടുത്ത് പ്രവർത്തിപ്പിക്കുന്ന രജിസ്റ്റേർട് വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റിയിൽ എല്ലാ ബ്രാൻഡുകളുടെയും എൻഡ്ഓഫ്ലൈഫ് യാത്ര, വാണിജ്യ വാഹനങ്ങൾ സ്ക്രാപ്പ് ചെയ്യാൻ സാധിക്കും.

കമ്പനിയുടെ സുസ്ഥിത സംരംഭങ്ങൾ കൂടുതൽ ശക്തമാക്കികൊണ്ടാണ് രാജസ്ഥാനിലെ ജയ്പൂരിലും ഒഡിഷയിലെ ഭുവനേശ്വറിനും പിന്നാലെയാണ് സൂറത്തിലും പുതിയ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. തങ്ങളുടെ കാഴ്ചപാടുകളിലേക്കും ലക്ഷ്യങ്ങളിലേക്കും ദിശ തെളിയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് സുസ്ഥിരതയെന്ന് സ്ക്രാപ്പിംഗ് കേന്ദ്രം ഉദ്ഘാടനം ചെയ്തുകൊണ്ട് പി.ബി ബാലാജി പറഞ്ഞു. ആഗോളതലത്തിൽ മാനദണ്ഡമാക്കിയ റീസൈക്ലിംഗ് പ്രക്രിയകൾ ഉപയോഗിച്ച്, ശോഭനമായ ഒരു ഭാവിക്കായി മാലിന്യങ്ങൾ പരമാവധി കുറയ്ക്കാൻ തങ്ങൾ ലക്ഷ്യമിടുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.റീസൈക്കിൾ വിത്ത് റെസ്പെക്റ്റ്, എല്ലാ ബ്രാൻഡുകളുടെയും ലൈഫ് എൻഡ് വാഹനങ്ങൾ പൊളിച്ചുനീക്കുന്നതിന് വേണ്ടി നിർമ്മിച്ചതാണ്. തടസ്സമില്ലാത്തതും കടലാസ് രഹിതവുമായ പ്രവർത്തനങ്ങൾക്ക് പൂർണമായും ഡിജിറ്റൽ സൗകര്യമാണ് ഉപയോഗപ്പെടുത്തുന്നത്.

# നിർധന കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ: ഹിച്ച് ഹൈക്കിംഗുമായി വൈശാഖ് സീതാറാം ദത്താനി

**മലേഷ്യ, വിയറ്റ്നാം, കംബോഡിയ, ലാവോസ്, തായ്‌ലൻഡ്, മ്യാൻമർ തുടങ്ങിയ രാജ്യങ്ങളിലൂടെ 8800 കിലോമീറ്റർ യാത്ര ചെയ്യും**

**കൊച്ചി:** നിർധനരായ കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയക്കായി രാജ്യാതിർത്തികൾ താണ്ടാനൊരുങ്ങി യുവാവ്. കേരളത്തിലെ ആസ്റ്റർ ഹോസ്പിറ്റലുകളുടെയും ആസ്റ്റർ ലാബ്, ഫാർമസി ഉൾപ്പെടെയുള്ളവയുടെയും സർവീസ് എക്സലൻസ് വിഭാഗം തലവനായ വൈശാഖ് സീതാറാം ദത്താനിയാണ് സിംഗപ്പൂരിൽ നിന്നും സിക്കിമിലേക്ക് ഒറ്റക്ക് യാത്ര ചെയ്യുന്നത്. ആസ്റ്റർ ഡിഎം ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നിർധനരായ നൂറ് കുട്ടികൾക്ക് ഹൃദയ ശസ്ത്രക്രിയ ചെയ്തുകൊടുക്കുന്ന പദ്ധതിയുടെ പ്രചാരണാർത്ഥമാണ് ഷോർസ് ടു പിനാക്കിൾ 3.0 എന്ന് പേരിട്ടിട്ടുള്ള സാഹസിക യാത്ര. കൂടുതൽ ആളുകളെ കാണാനും പരിചയപ്പെടാനും യാത്രയുടെ ഉദ്ദേശ്യം അവതരിപ്പിക്കാനും ലക്ഷ്യമിട്ട് നടന്നും ലിഫ്റ്റടിച്ചും യാത്ര ചെയ്യുന്ന ഹിച്ച് ഹൈക്കിങ് രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.ബുധനാഴ്ച സിംഗപ്പൂരിൽ നിന്ന് ആരംഭിക്കുന്ന യാത്ര നവംബർ 23ന് ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനമായ സിക്കിമിൽ അവസാനിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. അതിനിടെ മലേഷ്യ, വിയറ്റ്നാം, കംബോഡിയ, ലാവോസ്, തായ്‌ലൻഡ്, മ്യാൻമർ തുടങ്ങിയ രാജ്യങ്ങളിലൂടെ 8800 കിലോമീറ്റർ യാത്ര ചെയ്യും. നേരത്തെ സൈക്കിൾ, മോട്ടോർ ബൈക്ക് എന്നിവയിൽ സമാന രീതിയിൽ സോളോ യാത്രകൾ ചെയ്ത വൈശാഖ് ജനശ്രദ്ധ പിടിച്ച് പറ്റിയിട്ടുണ്ട്.ഹൃദയ ദിനാചരണത്തിന്റെ ഭാഗമായാണ് വെൻട്രിക്കുലാർ സെപ്റ്റൽ ഡിഫെക്റ്റ് (വി.എസ്.ഡി) ഉൾപ്പെടെയുള്ള ഹൃദ്രോഗം മൂലം ബുദ്ധിമുട്ടുന്ന പാവപ്പെട്ട കുട്ടികൾക്ക് ചികിത്സ നൽകുന്ന ഹാർട്ട് ബീറ്റ്സ് പദ്ധതിക്ക് ആസ്റ്റർ മെഡ്സിറ്റി രൂപം നൽകിയത്. ഇതോടനുബന്ധിച്ച് ഹൃദയരോഗ്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ച് പദ്ധതിയുടെ ഭാഗമാക്കാൻ ലക്ഷ്യമിട്ട് ആസ്റ്റർ വോളണ്ടിയർമാരുമായി സഹകരിച്ച് ഹാർട്ട് 2 ഹാർട്ട് എന്ന ക്യാമ്പയിനും ആരംഭിച്ചിരുന്നു. 10,000 ചുവടുകൾ, 10 കിലോമീറ്റർ സൈക്കിൾ സവാരി, ഒരു മണിക്കൂർ വ്യായാമം എന്നിവയെല്ലാം പൂർത്തിയാക്കുന്ന ഓരോരുത്തർക്ക് വേണ്ടിയും ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ 100 രൂപ വീതം സംഭാവന ചെയ്യും. യാത്രയിൽ പരിചയപ്പെടുന്ന വിവിധ ജനവിഭാഗങ്ങളിലേക്ക് ഇക്കാര്യം പരിചയപ്പെടുത്താനാണ് വൈശാഖ് ലക്ഷ്യമിടുന്നത്. ഇതുവഴി 10 ദശലക്ഷം ആസ്റ്റർ വോളന്റിയർമാരെ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാരിയറ്റ് ഇന്റർനാഷണൽ, റൈസിംഗ് സ്റ്റാർ ഔട്ട്റീച്ച് ഓഫ് ഇന്ത്യ, ഗോഫണ്ട്മീ.കോം, ശ്രീലങ്കൻ സർക്കാരിന്റെ കാൻസർ ആശുപത്രി എന്നിവയുമായി സഹകരിച്ചാണ് ഷോർസ് ടു പിനാക്കിൾ 3.0 വിഭാവനം ചെയ്തിട്ടുള്ളത്.

വെൻട്രിക്കുലാർ സെപ്റ്റൽ ഡിഫെക്റ്റ് അടക്കമുള്ള ഹൃദ്രോഗങ്ങൾ ജീവിതത്തിന്റെ അവസാനമല്ല, വിശാലമായ റോഡ് പോലെ അവസരങ്ങൾ തുറന്നിട്ടിരിക്കുകയാണ്. ഈ യാത്രയിൽ പരിചയപ്പെടുന്ന ഓരോരുത്തരോടും ഹൃദ്രോഗം കൊണ്ട് വലയുന്ന കുട്ടികൾക്ക് വേണ്ടി സംസാരിക്കുമെന്നും വൈശാഖ് പറഞ്ഞു.എറണാകുളം പ്രസ് ക്ലബ്ബിൽ നടന്ന വാർത്താ സമ്മേളനത്തിൽ ആസ്റ്റർ മെഡ്സിറ്റിയിലെ ഡയറക്ടർ ഓഫ് മെഡിക്കൽ അഫയേഴ്സ് ഡോ. ടി.ആർ ജോൺ, ആസ്റ്റർ ഡിഎം ഫൌണ്ടേഷൻ അസി. ജനറൽ മാനേജർ ലത്തീഫ് കാസിം തുടങ്ങിയവർ പങ്കെടുത്തു.

# മുത്തൂറ്റ് ഫിനാൻസിന്റെ 700 കോടിയുടെ എൻസിഡി ഇഷ്യു ആദ്യ ദിനം അധിക സമാഹരണം നടത്തി

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസിൻറെ ഓഹരികളാക്കി മാറ്റാൻ കഴിയാത്ത കടപത്രങ്ങൾക്ക് (എൻസിഡി) ആദ്യ ദിനം തന്നെ മികച്ച പ്രതികരണമെന്ന് മുത്തൂറ്റ് ഫിനാൻസ് എംഡി ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. എൻ സി ഡിയുടെ 320മത് ഇഷ്യൂ വഴി ആദ്യ ദിനം 770.35 കോടിയുടെ ധനസമാഹരണമാണ് നടത്തിയത്. 100 കോടി രൂപയാണ് എൻസിഡിയുടെ അടിസ്ഥാന സമാഹരണം. ഇതിനു പുറമെ 600 കോടി രൂപ വരെ ഓവർസബ്സ്ക്രിപ്ഷൻ നിലനിർത്താനുള്ള ഓപ്ഷനും ഉണ്ടായിരുന്നു.

ഈ നേട്ടം തങ്ങളുടെ ഉപഭോക്താക്കളുടെ വിശ്വാസത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.തങ്ങളുടെ യാത്രയുടെ അവിഭാജ്യ ഘടകമായ റീട്ടെയിൽ നിക്ഷേപകർക്ക് മികച്ച സേവനം നൽകാനുള്ള പ്രതിബദ്ധത കൂടിയാണിതെന്ന്ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

കമ്പനി ആകർഷകമായ ലാഭ നിരക്കിനൊപ്പം ഐസിആർഎയുടെ എഎ+സ്റ്റേബിൾ റേറ്റിംഗ് എൻസിഡികൾക്ക് നൽകികൊണ്ട് നിക്ഷേപകരുടെ സുരക്ഷയ്ക്കാണ് മുൻഗണന നൽകുന്നത്. കമ്പനിക്ക് രാജ്യത്തുടനീളമായി 4700 ലധികം ശാഖകളാണുള്ളത്.

## യുടിഐ ഇന്നൊവേഷൻ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** യുടിഐ മ്യൂചൽ ഫണ്ട് നിക്ഷേപകർക്ക് പുതുതലമുറാ സംരംഭങ്ങളുടെ നേട്ടം ലഭ്യമാക്കുന്ന ഓപ്പൺ എൻഡഡ് ഓഹരി പദ്ധതി യുടിഐ ഇന്നൊവേഷൻ ഫണ്ട് അവതരിപ്പിച്ചു. ഇന്നൊവേഷൻ പ്രമേയമായുള്ള സെപ്റ്റംബർ 25ന് ആരംഭിച്ച പുതിയ ഫണ്ട് ഓഫർ ഒക്ടോബർ അഞ്ചു വരെ തുടരും. നിഫ്റ്റി 500 ടിആർഐ ആണ് അടിസ്ഥാന സൂചിക. 5000 രൂപയാണ് കുറഞ്ഞ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായി അധിക നിക്ഷേപവും നടത്താം.



# ഹൈഡ്രജൻ ഇന്ധന സെൽ ബസ് ഇന്ത്യൻ ഓയിൽ കോർപ്പറേഷന് കൈമാറി ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** പ്രമുഖ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോഴ്സ് ഇന്ത്യയിലെ ആദ്യ ഹൈഡ്രജൻ ഇന്ധന സെൽ ബസ് നിരത്തിലിറക്കി.

രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയമായ ഇന്ത്യൻ ഓയിൽ കോർപ്പറേഷന് ടാറ്റ മോട്ടോഴ്സ് രണ്ട് ഹൈഡ്രജൻ ഇന്ധന സെൽ ബസുകളാണ് ആദ്യ ഘട്ടത്തിൽ കൈമാറിയിരിക്കുന്നത്. മികച്ചതും ഹരിതവുമായ യാത്ര സംവിധാനങ്ങളുമായി ഇന്ത്യയെ മുന്നോട്ട് കൊണ്ടുപോകാനുള്ള പ്രതിജ്ഞാബദ്ധതയിൽ ഇന്ന് ഒരു വലിയ മുന്നേറ്റമാണ് ഇതിലൂടെ സാധ്യമാക്കിയിരിക്കുന്നത്.

കേന്ദ്ര പെട്രോളീയം പ്രകൃതി വാദക മന്ത്രി ഹർദീപ് സിംഗ് പൂരി ബസുകൾ ഫ്ലാഗ് ഓഫ് ചെയ്തു. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് ചെയർമാൻ എസ്.എം വൈദ്യ, ടാറ്റ മോട്ടോഴ്സ് പ്രസിഡന്റും ചീഫ് ടെക്നോളജി ഓഫീസറുമായി രാജേന്ദ്ര പെട്കാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663